
● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2021 ● ജനുവരി-ഫെബ്രുവരി ● പുസ്തകം: 04 ● ലക്കം: 01 ● **RNI Regn No:** KERMAL/2017/73545 ● **Registered No:** KL/CT/230/2019-2021



## എഡിറ്റോറിയൽ

● പുസ്തകം: 4 ● ലക്കം: 1

# അന്നംമുട്ടി രാജ്യത്തെ അന്നമൂട്ടുന്നവർ

സ്വതന്ത്ര ഭാരതം സ്വാതന്ത്ര്യലബ്ധിയുടെ ഏഴു പതിറ്റാണ്ടുകൾ പിന്നിട്ട് കുതിക്കുകയാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യം എന്ന് പുകൾകൊണ്ട രാഷ്ട്രമാണിത്. രാജ്യത്തിന്റെ മാഗ്ന കാർട്ട എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൗലിക അവകാശങ്ങളുടെ സംരക്ഷണങ്ങൾക്ക് വേണ്ടി നിലകൊണ്ട രാഷ്ട്ര നേതാക്കളുടെ മനോവീര്യത്തിൽ അഭിമാനിക്കുന്ന ഒരു രാജ്യത്ത് ഇന്ന് ഈ മൗലിക അവകാശങ്ങൾ പൗരന്മാർക്ക് നിഷേധിക്കപ്പെടുന്നു എന്നത് അപമാനകരമാണ്. ഭരണഘടനയുടെ ശിൽപ്പിയായ ഡോ. അംബേദ്ക്കർ പറയുന്നത് പൗരന്മാർക്ക് അവകാശങ്ങൾ വാഗ്ദാനം ചെയ്യുകയല്ല, മറിച്ച് അത് സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുകയാണ് നിയമനിർമ്മാണ സഭകളുടെ ഉത്തരവാദിത്വം എന്നാണ്.

എന്നാൽ ഇന്ന് രാജ്യം ശ്രദ്ധിക്കപ്പെടുന്നത് 'ദില്ലി ചലോ' എന്ന കർഷകസമരത്തിന്റെ പേരിലാണ്. കാർഷിക മേഖലയുടെ സംരക്ഷണത്തിനെന്ന പേരിൽ 2020 സെപ്റ്റംബറിൽ പാസ്സാക്കിയ 3 കാർഷിക ബില്ലുകൾ പിൻവലിക്കണം എന്ന ആവശ്യത്തോടെയാണ് പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നായി മൂന്ന് ലക്ഷത്തോളം വരുന്ന കർഷകർ ഡൽഹിയിലെ കൊടും ശൈത്യത്തെ അവഗണിച്ചും സമരത്തിൽ പങ്കുകാരാവുന്നത്. സമരം 7 ആഴ്ചകൾ പിന്നിടുമ്പോഴും കർഷകരുടെ നിലവിളിക്ക് മുന്നിൽ സർക്കാർ മുഖം തിരിച്ചു നിൽക്കുകയാണ്. കർഷക സംഘടനാ നേതാക്കളും കേന്ദ്ര നേതൃത്വവും തമ്മിൽ നടത്തിയ 9 ചർച്ചകളും ഫലം കാണാതെ അവസാനിച്ചു എന്നത് ഭരണകർത്താക്കളുടെ കർഷക വിരുദ്ധ നയമാണ് വ്യക്തമാക്കുന്നത്. രാജ്യത്തെ പകുതിയിലേറെ വരുന്ന ജനങ്ങൾ ഉപജീവനത്തിനായി ആശ്രയിക്കുന്നത് കൃഷിയെ ആണെന്നിരിക്കിലും, രാജ്യത്തെ അന്നമൂട്ടുന്ന കർഷകരാണ്, അവരുടെ ആവശ്യങ്ങളാണ് ഇന്ന് അവമതിക്കപ്പെടുന്നത്.

രാജ്യത്തെ പരമോന്നത കോടതി പോലും രൂക്ഷമായ രീതിയിൽ വിമർശിച്ച് 3 കാർഷികനിയമങ്ങളും സ്റ്റേ ചെയ്തിട്ടും നിയമങ്ങളുമായി മുന്നോട്ട് പോകുമെന്ന വാശിയിലാണ് ജനങ്ങൾക്ക് വേണ്ടി രാജ്യഭരണം നിർവഹിക്കുന്നവർ. ഏതു കുത്തകകൾക്ക് വേണ്ടിയാണ് കർഷകൻ കളിപ്പാവ ആവേണ്ടത്? അങ്ങേയറ്റം മാനുഷിക പരിഗണനയുടെ പേരിലെങ്കിലും അവരുടെ രോദനം കേൾക്കപ്പെടേണ്ടതല്ലേ? അവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതല്ലേ?

# കവചമായി വിശുദ്ധ യൗസേപ്പിതാവ്



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

*"അവർ വിസ്മയ ഭരിതരായി ചോദിച്ചു: ഇവന് ഈ ജ്ഞാനവും ബുദ്ധിയും എവിടെനിന്ന്? ഇവനാ തച്ചന്റെ മകനല്ലേ?" (മത്തായി 13–54).*

ക്രിസ്തുവിനെ തച്ചന്റെ മകൻ എന്നുവിളിച്ചതാണ് വിശുദ്ധ യൗസേപ്പിതാവിനു ലഭിച്ച ഏറ്റവും മഹത്വമേറിയ ആദരം. തൊഴിലിൽ ആത്മീയതയുണ്ട് എന്ന ഓർമ്മപ്പെടുത്തലാണ് ജോസഫിന്റെ ജീവിതം. സ്വയം ചെത്തിമിനുക്കാനും ചിന്തേരിടാനും കഴിയുമ്പോഴാണ് ഓരോ തൊഴിലിടങ്ങളും ആത്മീയതയുടെ മേലാപ്പണിയുന്നതെന്ന് തിരുക്കുടുംബത്തിലൂടെ ജോസഫ് നമുക്ക് കാട്ടിത്തരുന്നു.

ഓരോരുത്തർക്കും അർഹതയുള്ളത് വീതിച്ചു നൽകുന്നതാണ് നീതി. ദൈവത്തിനാരാധന, ഭാര്യയ്ക്ക് സ്നേഹസംരക്ഷണം, മക്കൾക്ക് വാത്സല്യം, ഒന്നും നിഷേധിക്കാതെ എല്ലാം നൽകുമ്പോഴും നീതിമാന് അവകാശമായ അസ്വസ്ഥതകളും സ്വന്തമാക്കിയാണ് ജോസഫിന്റെ ജീവിതം പുരോഗമിച്ചത്. അതിനാൽ 'നീതിമാൻ' എന്ന വലിയ അംഗീകാരമുദ്രനൽകി സുവിശേഷം ജോസഫിനെ ആദരിച്ചു. അപ്പൻ കുടുംബത്തിനഭിമാനമാകണം എന്ന ഓർമ്മപ്പെടുത്തലാണ് ജോസഫ് നിരന്തരം നൽകുന്നത്.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ആചരിച്ച് തിരുസഭ യൗസേപ്പിതാവിനോടുള്ള ആദരം പ്രഖ്യാപിക്കുകയാണ്. 'പാത്രിസ് കോർദെ' എന്ന തന്റെ ശ്ലൈഹീക ലേഖനത്തിലൂടെ യൗസേപ്പിതാവിനെ സ്നേഹിച്ച് മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ച്, സ്വർഗത്തിലേക്ക് കൂടെനടന്ന് ജീവിതവിജയം നേടണമെന്ന് ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നു.

ദൈവപുത്രന്റെ വഴിയിലെ ദിശാസൂചികയായിരുന്നു വിശുദ്ധ യൗസേപ്പ്. ആത്മാഭിമാനവും ആഹ്ലാദവും സ്ഫുരിക്കുന്ന തൊഴിൽ സംസ്കാരത്തിന്റെ പ്രതീകം. അതിനാലാവണം അവിടുത്തെ വാക്കുകൾക്ക് ഇത്ര സൗന്ദര്യവും കൃത്യതയും ഉറപ്പും ലഭിച്ചത്. തൊഴിലിനേക്കുറിച്ച് ദൈവപുത്രൻ പറയുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ യൗസേപ്പെന്ന തച്ചന്റെ പണിശാലയിൽ രൂപം കൊണ്ടതാണ്. വിയർപ്പിന്റെ പ്രതിഫലമായി കൂലിയെ കാണാതെ വിശക്കുന്നവനുള്ള അപ്പമായി കൂലിയെ ഗണിക്കണമെന്ന് യേശു ഉപമയിലൂടെ പറയാതെ പറയുന്നു.

നിശബ്ദ സേവനം ചെയ്യുന്നവന് രക്ഷാചരിത്രത്തിൽ അമൂല്യമായ സ്ഥാനമുണ്ട്. നമ്മുടെ അമ്മമാരും അദ്ധ്വാനിക്കുന്ന കുടുംബനാഥൻമാരും, തൊഴിലാളികളുമൊക്കെ യൗസേപ്പിതാവിനെപ്പോലെ സ്നേഹാദരവുകൾ അർഹിക്കുന്നവരാണ്.

സ്വപ്നത്തിലൂടെ ദൈവഹിതം കേട്ട് അതിനൊപ്പം സഞ്ചരിച്ചവനാണ് ജോസഫ്. ദൈവഹിതത്തോടു ചേർന്ന് നടന്നപ്പോൾ സൃഷ്ടിക്കപ്പെട്ട പ്രതിബന്ധങ്ങളുടെ മുമ്പിലും "എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവം" (റോമ 8–28) തന്നെ ഏൽപ്പിച്ച കർത്തവ്യത്തിൽ നിന്നും യൗസേപ്പ് വഴിമാറിയില്ല. ഓരോ സ്വപ്നത്തിനു ശേഷവും യൗസേപ്പ് ശിശുവിനെയും അമ്മയെയും കൂട്ടി ദൈവം പറയുന്നതുപോലെ യാത്രയാകുന്നു. ദൈവപുത്രനും മാതാവിനും സംരക്ഷണത്തിന്റെ കവചം തീർത്ത പുണ്യജന്മം തിരുസഭയ്ക്കും കവചമാണ്.

തിരുസഭയെയും, വിശുദ്ധ കൂദാശകളെയും, അഭിക്ഷിക്തരായ പുരോഹിതരെയും സന്യസ്തരെയും സമൂഹമദ്ധ്യത്തിൽ അവഹേളിക്കുമ്പോൾ തിരുസഭയുടെ കാവലാകാൻ ഓരോ വിശ്വാസിക്കും കടമയുണ്ട്. സത്യം തിരഞ്ഞിറങ്ങാനും സത്യത്തിന്റെ പക്ഷം ചേരാനും മുൻവിധികളിൽ നഷ്ടധൈര്യരാകാതിരിക്കാനും നാം ശ്രദ്ധയുള്ളവരാകണം. വിശുദ്ധ യൗസേപ്പിതാവിന്റെ സ്മരണകൾ നമ്മെ ശക്തിപ്പെടുത്തട്ടെ.

# കൊറോണക്കാലത്തെ വീണ്ടുവിചാരം



## അകം പുറം

കെ. എഫ്. ജോർജ്

ക്രൈസ്തവർ പിന്തള്ളപ്പെടുന്നു. ന്യൂനപക്ഷമെന്ന നിലയിൽ അർഹതപ്പെട്ടത് കിട്ടുന്നില്ല. ഈ മുറവിളി ശക്തമായി ഉയരുന്നു. സാമൂഹ്യ മാധ്യമങ്ങളിൽ ഇത് സംബന്ധിച്ച് കുറിപ്പുകൾ നിറയുന്നു.

ഇത് പൊടുന്നനെ സംഭവിച്ചതല്ല. വർഷങ്ങളായി തുടരുന്ന ഉദാസീനതയുടെയും പ്രതികരണമില്ലായ്മയുടെയും ഫലമായുണ്ടായ അവസ്ഥയാണിത്. കൊറോണ കാരണം വീട്ടിലിരുന്നപ്പോൾ ചിന്തിക്കാൻ ഏറെ സമയം കിട്ടി. അപ്പോൾ കൂടുതൽ ബോധ്യമായെന്നു മാത്രം.

ഇത്തരം പ്രശ്നങ്ങളിൽ പരസ്പരം പഴിചാരി ഉത്തരവാദിത്വം മറ്റൊരാളുടെ തലയിൽ കെട്ടിവച്ച് രക്ഷപ്പെടുകയാണ് പതിവ്. അതുതന്നെയാണ് പ്രശ്നങ്ങൾ രൂക്ഷമാകാൻ കാരണവും.

പോംവഴി എളിമപ്പെടുക എന്നതാണ്. വീഴ്ചകൾ അംഗീകരിച്ച് നേതൃതലം തൊട്ട് താഴേത്തട്ടുവരെ പരിവർത്തനത്തിനു തയ്യാറാകണം. 'എന്തെങ്കിലുമായിക്കോട്ടെ' എന്ന മനോഭാവത്തിൽ സമുദായത്തിന് സംഭാവന അർപ്പിക്കാൻ ശേഷിയുള്ളവർ മാറി നിൽക്കുന്നുണ്ടെങ്കിൽ അത് നേതൃത്വത്തിന്റെ പിഴവുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. സ്വന്തം വീഴ്ചകൾ തുറന്ന മനസ്സോടെ കാണാതെ പേരിനു ചർച്ചകൾ നടത്തി കുറേ രേഖകളുണ്ടാക്കി അതനുസരിച്ച് പ്രോഗ്രാമുകളുമായി നീങ്ങുന്നത് വ്യഥാവ്യായാമം മാത്രം. അഭിപ്രായ വ്യത്യാസങ്ങൾ വളർച്ചയുള്ള സമുദായത്തിന്റെ ലക്ഷണമാണ്. അത് തർക്കമായി നീട്ടാതെ നല്ല വശങ്ങൾ എടുത്ത് വളരണം. ആഴമേറിയ, വിശാലമായ, നിഷ്പക്ഷമായ വിചിന്തനങ്ങളിലൂടെ സമുദായത്തിന്റെ മൊത്തം സർഗശേഷി ഇങ്ങനെ സ്വരൂപിക്കാനാകും.

കിട്ടിയ അവസരങ്ങൾ ഉപയോഗിച്ചു വളരാനും വീഴ്ചകൾ തിരുത്താനും ശ്രമിക്കാത്ത സമുദായങ്ങളെ പ്രബലർ ചവിട്ടി കടന്നു പോകും. അതാണ് ലോകഗതി. അർഹതപ്പെട്ടത് പിടിച്ചെടുക്കാൻ നിതാന്ത ജാഗ്രതയും സമയാസമയം പ്രതികരണവും വേണം.

ഈ മിടുക്ക് പണ്ട് കാണിച്ചിരുന്നു. അതുകൊണ്ടാണ് ജനസംഖ്യയിൽ 2.3 ശതമാനം മാത്രമുള്ള ക്രൈസ്തവരെ ഭാരത ജനത ആദരവോടെ കണ്ടത്.

പൊതുസമൂഹത്തിലെ സജീവ സാന്നിധ്യവും ചെയ്ത സേവനങ്ങളുമാണ് ഈ മതിപ്പിനു കാരണമായത്. എല്ലാവർക്കും വിദ്യാഭ്യാസ സൗകര്യം ഒരുക്കി, കുടിയേറ്റക്കാർ പള്ളിക്കു മുമ്പേ പള്ളിക്കൂടം പണിതു. ആദ്യകാലത്ത് സ്കൂളുകളിലാണ് ആരാധനാ സൗകര്യം ഒരുക്കിയത്. ആശുപത്രികളും അഗതിമന്ദിരങ്ങളും ഉണ്ടാക്കി. കൃഷിയിലും വാണിജ്യത്തിലും കായിക മേഖലയിലും ക്രൈസ്തവർ കാണിച്ച അധ്വാനത്തിന്റെയും സ്വയം പര്യാപ്തതയുടെയും പുതുമാതൃക പൊതു സമൂഹത്തെ അത്ഭുതപ്പെടുത്തി.

പിന്നെ, ഇപ്പോൾ എന്താണ് പറ്റിയത്?

ഓരോ പ്രതിസന്ധിയിലും അത് നേരിടാതെ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. അലസതയ്ക്കൊപ്പം എല്ലാ രംഗത്തും ധൂർത്തും കൂടി. അനാവശ്യ നിർമ്മാണങ്ങളുടെയും വ്യഥാവ്യയത്തിന്റെയും ഫലം മഹാമാരിക്കാലത്ത് അനുഭവിക്കുകയാണ്. തിരുത്തലുകൾ വരുത്താത്തതിനാൽ നേതൃത്വവും അണികളും ദുർബലരായി. 2000ത്തിനു ശേഷം എത്രമാത്രം കേസുകളും ആക്ഷേപങ്ങളുമാണ് ക്രൈസ്തവവിഭാഗം അകത്തു നിന്നും പുറത്തുനിന്നും നേരിടേണ്ടി വരുന്നത്? ഇത്രയും വലിയ ദുർഗതി സമീപകാലത്ത് മറ്റൊരു സമുദായത്തിനും ഉണ്ടായിട്ടില്ല. ഇതെല്ലാം ആന്തരിക ദൗർബല്യത്തിന്റെ ബാഹ്യലക്ഷണങ്ങളാണ്.

ക്രൈസ്തവ സാന്നിധ്യം ശുഷ്ക്കിച്ചതിനു കാരണം തേടുമ്പോൾ ഓരോ മേഖലയേയും പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു.

**തൊഴിൽ:** കൃഷി ക്രൈസ്തവരുടെ കുലത്തൊഴിലാണ്. അതുകൊണ്ടാണല്ലോ കഷ്ടപ്പാട് സഹിച്ച് കുടിയേറിയത്. പലതരം പ്രതിസന്ധികൾ കാരണം ക്രൈസ്തവർ പിൻവലിയുമ്പോൾ മറ്റു ചില സമുദായങ്ങൾ ആവേശപൂർവ്വം കൃഷിയിൽ പിടിമുറുക്കുന്നത് കാണാതിരിക്കരുത്.

കൊറോണ കച്ചവടം കുറച്ചപ്പോൾ കോഴിക്കോട്ടെ കുറെ വ്യാപാരികൾ മാർക്കറ്റ് പഠിച്ച് കൃഷിയിറക്കുന്നു. ഭക്ഷ്യോൽപ്പന്ന–മൃഗപരിപാലന മേഖലയിൽ അവർ സജീവ സാന്നിധ്യമാകുന്നു. സംഘടിതമായ, ശാസ്ത്രീയമായ രീതിയിലാണ് കൃഷിയുടെ ഭാവി. പ്രതിസന്ധിയിൽ മനസു തളരാതെ പുതുവഴികൾ തേടേണ്ട കാലമാണിത്.

പൂർവികമായി ഉപജീവനത്തിനു കിട്ടിയ ജ്ഞാനമാണിത്. കുലത്തൊഴിൽ കൈമോശം വരുന്ന ജനത ആത്മവീര്യം നഷ്ടമായി പ്രവാസികളായി ചിതറിപ്പോകാം. കൃഷി കഷ്ടപ്പാട്, അന്യദേശങ്ങൾ സുരക്ഷിതം എന്ന കാഴ്ച്ചപ്പാടിനും കൊറോണ മങ്ങലേൽപ്പിച്ചു കഴിഞ്ഞു.

വിനോദ– വിശ്രമ കേന്ദ്രങ്ങളെന്ന നിലയിൽ അനേകം തൊഴിൽ സാധ്യതകൾ മലയോരങ്ങളെ കാത്തിരിക്കുന്നു.

കൃഷി അനുബന്ധ മൂല്യാധിഷ്ഠിത ഉൽപ്പന്ന സംരംഭങ്ങൾ സംഘടിതമായി തുടങ്ങാം. ഇതുസംബന്ധിച്ച ചർച്ചകൾക്കുള്ള വേദിയാകട്ടെ ഇടവക കൂട്ടായ്മകൾ. വാണിജ്യമേഖലയിലെ പഴയകാല സാന്നിധ്യം തിരിച്ചു പിടിക്കണം.

**നേതൃത്വം:** ഒരിക്കൽ കുടിയേറ്റക്കാരനായ ഒരു മന്ത്രിയുണ്ടായിരുന്ന സമുദായത്തിന് ഇന്ന് രാഷ്ട്രീയ മേഖലയിൽ ശുഷ്ക്കമായ സ്വാധീനം മാത്രം. മതസംഘടനകളിലെ നേതൃത്വത്തിനപ്പുറം പൊതുസമൂഹത്തിൽ ചുവടുറപ്പിക്കാൻ ജ്ഞാനവും കരുത്തുമുള്ള യുവസമൂഹം രാഷ്ട്രീയത്തിൽ വളർന്നു വരണം.

പേജ് നാലിൽ തുടരും ▸

● കവർ പേജ് – ആശയം & അവിഷ്ക്കാരം: ബിബിൻ ആന്റണി മരോട്ടിക്കൽ

# ക്രൈസ്തവ സാന്നിദ്ധ്യത്തിന്റെ അസാന്നിദ്ധ്യം

**ഇന്നാട്ടിലെ ക്രൈസ്തവരുടെ സാന്നിദ്ധ്യം ഒരു വിധത്തിലും ഒരിക്കലും ആധിപത്യം പുലർത്തുന്നതായിരുന്നില്ല. അതിനാൽതന്നെ നാട്ടിൽ എല്ലാവരാലും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. മലബാറിലെയും ഇടുക്കിയിലെയും കാർഷിക മുന്നേറ്റങ്ങൾക്ക് ക്രൈസ്തവ സാന്നിദ്ധ്യം പകർന്ന ഊർജം വളരെ വലുതാണ്. തരിശായ കിടന്ന ഭൂമിയെല്ലാം സ്വർണ്ണം വിളയുന്ന മണ്ണാക്കി ക്രൈസ്തവർ മാറ്റി. ദാരിദ്ര്യം സമൃദ്ധിക്ക് വഴിമാറി**




ഫാ. അജി പുതിയാപറമ്പിൽ

ക്രൈസ്തവ സാന്നിദ്ധ്യം സർവ മേഖലകളിലും സജീവമാകണമെന്ന മുറവിളി സമുദായാംഗങ്ങളിൽ നിന്നും ഉയരാൻ തുടങ്ങിയിട്ട് കുറച്ചു നാളുകളായി. കഴിഞ്ഞ നാളുകളിൽ തങ്ങൾക്ക് സമൂഹത്തിലുണ്ടായിരുന്ന സാന്നിദ്ധ്യത്തിന് വലിയ തോതിൽ ഇടിവുണ്ടായി എന്നൊരു സങ്കടവും ഈ മുറവിളിയുടെ ഉള്ളിൽ ധ്വനിക്കുന്നുണ്ട്. എന്താണ് ഇതിനൊക്കെ ഒരു പരിഹാരം എന്നു ചിന്തിക്കുന്നവരും ഇങ്ങനെയൊക്കെ ആകാനുള്ള കാരണം ഇന്നവരൊക്കെയാണ് എന്നു കുറ്റപ്പെടുത്തുന്നവരും ഇനി ഇതൊന്നും ശരിയാകാൻ പോകുന്നില്ല എന്നു നിരാശപ്പെടുന്നവരും ഇക്കൂട്ടത്തിലുണ്ട്.

ക്രൈസ്തവരുടെ സാന്നിദ്ധ്യത്തിന് സാമൂഹിക ജീവിതത്തിലുള്ള സ്വാധീനം എങ്ങനെയെന്നതിനെപ്പറ്റി എനിക്കുണ്ടായ ഒരനുഭവം കുറിക്കട്ടെ. കല്യാൺ രൂപതയ്ക്കു വേണ്ടി മുംബൈ നഗരത്തിന്റെ പടിഞ്ഞാറൻ റീജിയനിലുള്ള രണ്ടു പള്ളികളിൽ വികാരിയായി സേവനം ചെയ്യുന്ന കാലം. യാത്രകളൊക്കെ മിക്കവാറും ബൈക്കിലാണ്. അതാണ് അവിടെ സൗകര്യപ്രദം. ഒരിക്കൽ എന്നെ പോലീസ് പിടിച്ചു. സിഗ്നൽ ലംഘിച്ചതാണ് കുറ്റം; എല്ലാവരുടെയും കൂടെ ഞാനും തെറ്റിച്ചു. ചെയ്യാൻ പാടില്ലാത്തതാണ്. അപ്പുറത്തതാ ഒരു കൂട്ടം പോലീസുകാർ! അവർ എല്ലാവരെയും പൊക്കി, ലജ്ജകൊണ്ട് എന്റെ മുഖം ചുവന്നു. എത്രയും പെട്ടെന്ന് പിഴയടച്ചു രക്ഷപ്പെടാൻ എന്റെ മനസ്സ് വെമ്പി. എന്റെ അടുത്തു വന്ന പോലീസുകാരനോട് എനിക്കറിയാവുന്ന ഹിന്ദി ഭാഷയിൽ ഞാൻ പറഞ്ഞു: 'സർ തെറ്റ് എന്റെ ഭാഗത്താണ്, എത്രയാണ് ഫൈൻ? പെട്ടെന്ന് എന്റെ കൂടെയുണ്ടായിരുന്ന ചെറുപ്പക്കാരൻ ഇടപെട്ടു. അവൻ പറഞ്ഞു 'ഇദ്ദേഹം ചർച്ച് കാ ഫാദർ' (കത്തോലിക്കാ വൈദികൻ ആണ്). ഒരു വൈദികനാണെന്നറിയിക്കാതെ എങ്ങനെയെങ്കിലും ഒന്നു തടിയൂരാൻ നോക്കുമ്പോഴാണ് അവന്റെയൊരു ഇടപെടൽ. എനിക്കവനോട് എന്തെന്നില്ലാത്ത ദേഷ്യം തോന്നി. ആ പോലീസുകാരൻ

> ക്രിസ്ത്യാനികൾ വന്നാൽ ആദ്യം പള്ളി, പിന്നെ പള്ളിക്കൂടം, റോഡ്, ഇലക്ട്രിസിറ്റി, ആശുപത്രി, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ എന്നു വേണ്ട എല്ലാക്കാര്യങ്ങളും ഞൊടിയിടയിൽ ശരിയാകും. ചേട്ടൻമാർ നാട് വികസിപ്പിക്കും എന്നൊരു ചൊല്ല് നാട്ടിലുണ്ടായിരുന്നു



എന്നെ സൂക്ഷിച്ചു നോക്കി.

'ഒരു വൈദികനായിട്ടു കൂടി നിയമം ലംഘിക്കുന്നുവോ? കഷ്ടം!' എന്ന ശകാരം കേൾക്കേണ്ടി വരുമല്ലോ എന്നു വിചാരിച്ച് നില്ക്കുമ്പോൾ ആ പോലീസുകാരൻ ചോദിച്ചു 'അങ്ങ് ഏത് സ്കൂളിന്റെ ഫാദറാണ്?' ഞാൻ പറഞ്ഞു: 'ചാവറ സ്കൂളിന്റെ'. ഞാൻ വികാരിയായിരുന്ന ഇടവകയിൽ ചാവറയച്ചന്റെ പേരിൽ ഒരു നേഴ്സറി സ്കൂളുണ്ടായിരുന്നു. ആ പോലീസുകാരൻ ഉടനെ എന്നോടു പറഞ്ഞു. അങ്ങ് ദയവായി പെട്ടെന്ന് പോകുക. തെറ്റ് എന്റെ ഭാഗത്താണെന്നും അതിന് പിഴ അടയ്ക്കാമെന്നും പറഞ്ഞെങ്കിലും അയാൾ സമ്മതിച്ചില്ല. എനിക്കു മനസ്സിലാകാൻ വേണ്ടി ഹിന്ദിയിലും അദ്ദേഹം പറഞ്ഞു 'ആപ് ജൽദി ചലിയേ' (സാധാരണ മുംബൈ പോലീസിന് മറാത്തിയാണ് വശം. ഹിന്ദിയും ഇംഗ്ലീഷും വളരെ കുറച്ചു പേർക്ക് മാത്രമേ അറിയൂ.)

ആ പോലീസ് ഉദ്യോഗസ്ഥൻ എന്നോട് ചോദിച്ചത് 'അങ്ങ് ഏത് സ്കൂളിന്റെ ഫാദറാണ്' എന്നാണ്; ഏത് പള്ളിയുടെ എന്നല്ല. അതിന് കാരണമുണ്ട്. തങ്ങളുടെ മക്കളെ ഏതെങ്കിലും സഭാസ്കൂളിൽ പഠിപ്പിക്കുകയെന്നത് മുംബൈക്കാരായ എല്ലാ മാതാപിതാക്കളുടെയും വലിയ സ്വപ്നമാണ്. വലിയ മൾട്ടി നാഷണൽ കമ്പനികൾ നടത്തുന്ന പോഷ് സ്കൂളുകൾ ധാരാളമുള്ള ഈ മെട്രോ നഗരത്തിൽ ഇന്നും ആളുകൾക്ക് പ്രിയം സഭയുടെ സ്കൂളുകളോടാണ്. പൊതുവേ കോൺവെന്റ് സ്കൂളുകൾ എന്നാണ് സഭാ സ്കൂളുകളെ അവർ വിളിക്കുന്നത്.

സഭാ സ്ക്കൂളുകൾക്കുള്ള ഈ സൽപ്പേര് മുതലെടുക്കാനായി മറ്റുള്ളവരും അവരുടെ സ്കൂളുകൾക്ക് ക്രിസ്ത്യൻ പേരുകൾ നല്കാറുണ്ട്. വെസ്റ്റേൺ സബർബിൽ കണ്ട ഒരു സ്കൂളിന്റെ പേര് ഓർക്കുമ്പോൾ ചിരി വരുന്നു. 'സെന്റ് ജീസസ് കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ'.

അവിടുത്തെ വിവാഹ പരസ്യങ്ങളിൽ ചിലപ്പോൾ ഇങ്ങനെ കാണാറുണ്ട് 'വി ആർ ലുക്കിംഗ് ഫോർ കോൺവെന്റ് സ്കൂൾ എജുക്കേയ്റ്റഡ് ബോയ്സ്/ ഗേൾസ്.' നിയമപഠനത്തിനായി കോളജിൽ ചേർന്നപ്പോഴും ഈ കോൺവെന്റ് എജ്യൂക്കേഷന്റെ പവർ എനിക്ക് മനസ്സിലായി. കേരളത്തിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ ഒരധ്യാപകൻ എന്നോട് ചോദിച്ചു 'Are you convent school educated?'

പറഞ്ഞു വരുന്നത് രണ്ടു കോടിയോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മുംബൈ എന്ന മഹാനഗരത്തിൽ അഞ്ചു ലക്ഷത്തിൽ താഴെ മാത്രം വരുന്ന ക്രിസ്തീയ സമൂഹത്തിന്റെ സാന്നിദ്ധ്യത്തിന്റെ ശക്തിയെ സൂചിപ്പിക്കാനാണ്. അവരുടെ സ്കൂളുകളെയും അവ നടത്തുന്നവരെയും പൊതുസമൂഹം എത്രമാത്രം ആദരിക്കുന്നു എന്നു ചിന്തിക്കണം. (ചർച്ച് കാ ഫാദർ എന്ന ഒറ്റ ഐഡിയിൽ മാത്രം എത്രയോ സ്ഥലങ്ങളിലാണ് എനിക്ക് പ്രവേശനം ലഭിച്ചിരിക്കുന്നത്.)

ചേട്ടൻമാർ (ക്രിസ്ത്യാനികൾ) വന്നാൽ നാട് നന്നാകും. അവർ വന്നാൽ ആദ്യം പള്ളി, പിന്നെ പള്ളിക്കൂടം, റോഡ്, ഇലക്ട്രിസിറ്റി, ആശുപത്രി, പോസ്റ്റാഫീസ്, പോലീസ് സ്റ്റേഷൻ എന്നു വേണ്ട എല്ലാക്കാര്യങ്ങളും ഞൊടിയിടയിൽ ശരിയാകും. ചേട്ടൻമാർ നാട് വികസിപ്പിക്കും എന്നൊരു ചൊല്ല് നാട്ടിലുണ്ടായിരുന്നു. അതെ, ക്രൈസ്തവരുടെ സാന്നിദ്ധ്യം ഒരു നാടിനു മുഴുവൻ ഊർജ്ജം പകർന്ന് നൽകിയിരുന്നു.

ക്രൈസ്തവരുടെ കൃഷി കണ്ടിട്ട് ആദ്യമൊക്കെ ഇന്നാട്ടുകാർ പരിഹസിച്ചു ചിരിച്ചു. 'ഈ ചേട്ടൻമാർ മണ്ടൻമാർ, അവരതാ മേത്തലയും കീഴ്ത്തലയും വെട്ടിയ കമ്പ് കുഴിച്ചു വച്ച് കാത്തിരിക്കുന്നു. (കപ്പ നടുന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്) പിന്നീട് ഇവർ കാണുന്നത് പൂള (കപ്പ) വിറ്റ കാശു കൊണ്ട് സ്ഥലം വാങ്ങുന്ന ചേട്ടനെയാണ്. റബർ വെട്ടി പാലെടുത്തപ്പോൾ അവർ പറഞ്ഞു 'ഈ ചേട്ടൻമാരെ സമ്മതിക്കണം. കുഴിച്ച് വച്ചത് പാല് ചുരത്തണ മരമല്ലേ. ആ പാല് വിറ്റ് അവർ കാശ് വാരുകയാണ്. മലബാറിലെയും ഇടുക്കിയിലെയും കാർഷിക മുന്നേറ്റങ്ങൾക്ക് ക്രൈസ്തവ സാന്നിദ്ധ്യം പകർന്ന ഊർജ്ജം വളരെ വളരെ വലുതാണ്. തരിശായ കിടന്ന ഭൂമിയെല്ലാം സ്വർണ്ണം വിളയുന്ന മണ്ണാക്കി ക്രൈസ്തവർ മാറ്റി. ദാരിദ്ര്യം സമൃദ്ധിക്ക് വഴിമാറി.

ഇന്നാട്ടിലെ ക്രൈസ്തവരുടെ സാന്നിദ്ധ്യം ഒരു വിധത്തിലും ഒരിക്കലും ആധിപത്യം പുലർത്തുന്നതായിരുന്നില്ല. അതുകൊണ്ട് തന്നെ നാട്ടിൽ എല്ലാവരാലും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. നാട്ടിലെ പ്രശ്നങ്ങളിൽ ക്രൈസ്തവരുടെ മാധ്യസ്ഥ്യം എല്ലാവരും അംഗീകരിച്ചിരുന്നു.

ആർക്കും ധൈര്യം പകരുന്ന സാന്നിദ്ധ്യമായിരുന്നു അവരുടേത്. വന്യമൃഗങ്ങളോട് മാത്രമല്ല മറ്റു പ്രതികൂല ഘടകങ്ങളോടും അവർ സധൈര്യം പൊരുതി. ഈ ധൈര്യവും നിശ്ചയദാർഢ്യവും സമീപവാസികൾക്കും ധൈര്യവും ആവേശവും പകർന്നിരുന്നു. അനീതിക്കെതിരെയും കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടിയും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ അവർ പോരാടി. അതിനു വേണ്ടി മദ്രാസ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് നടത്തി. വെച്ച കാൽ പിന്നോട്ട് വയക്കാത്തവരാണ് ചേട്ടൻമാർ എന്നൊരു സംസാരവും അക്കാലത്തുണ്ടായിരുന്നു.

ആരെയും അതിശയിപ്പിക്കുന്ന പുതിയ കാൽവയ്പുകൾ നടത്തി വ്യാപാര രംഗത്തും അവർ സജീവ സാന്നിദ്ധ്യമായിരുന്നു. വിദേശത്തേയ്ക്ക് കാർഷിക വിളകളും മറ്റും കയറ്റുമതി ചെയ്തിരുന്ന ബിസിനസ്സുകാർ ചില കുടിയേറ്റ മേഖലകളിൽ ഉണ്ടായിരുന്നു.

പേജ് നാലിൽ തുടരും ▸



# ചാരം ഒന്നൂതിക്കളഞ്ഞാൽ മതി, കനൽ തെളിഞ്ഞു വരും

**സർവ മേഖലകളിലും സജീവ സാന്നിദ്ധ്യമായിരുന്ന ഈ സമുദായത്തിന്റെ സാന്നിദ്ധ്യ ശക്തി ഇത്രമാത്രം ദുർബലമായതെങ്ങനെ? ക്രിസ്തുവിന്റെ മൂല്യങ്ങളിൽ നിന്ന് വളരെ വേഗത്തിലാണ് നാം അകലുന്നത്. ക്രിസ്തുവിന്റെ ചൈതന്യമില്ലാത്ത ക്രിസ്ത്യാനിക്ക് സമൂഹത്തിൽ മുക്കാൽ ചക്രത്തിന്റെ വില പോലും ഉണ്ടാകില്ല**

▸ പേജ് മൂന്നിൽ നിന്നു തുടർച്ച

ക്രൈസ്തവ സാന്നിദ്ധ്യമുള്ളിടങ്ങളിൽ സാമുദായിക ലഹളകളുണ്ടാവില്ലെന്നും അവർ സമാധാനപ്രിയരും നിയമങ്ങൾ അനുസരിക്കുന്നവരുമാണെന്നുമുള്ള പൊതുധാരണ നിയമപാലകർക്കിടയിൽ എന്നുമുണ്ട്.

ശക്തമായ പൊതുപ്രവർത്തനത്തിലൂടെ രാഷ്ട്രീയ രംഗത്തെയും സജീവ സാന്നിദ്ധ്യമായിരുന്നു ക്രൈസ്തവർ. എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും മുൻനിര നേതാക്കൻമാർ അവരായിരുന്നു. എല്ലാവരേയും പരിഗണിക്കുന്ന മതേതര കാഴ്ചപ്പാടാണ് അവർക്കുണ്ടായിരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ മാത്രമല്ല കായിക, സാംസ്ക്കാരിക മേഖലയിലും എല്ലാം ഈ സമൂഹം സജീവ സാന്നിദ്ധ്യമായിരുന്നു.

ഇങ്ങനെ സർവ മേഖലകളിലും സജീവമായിരുന്ന ഈ സമുദായത്തിന്റെ സാന്നിദ്ധ്യ ശക്തി ഇത്രമാത്രം ദുർബ്ബലമായതെങ്ങനെ? നമ്മിൽ സംഭവിച്ച മൂല്യശോഷണമാണ് അതിന്റെ കാരണം. ക്രിസ്തുവിന്റെ മൂല്യങ്ങളിൽ നിന്നും വളരെ വേഗത്തിലാണ് നാം അകലുന്നത്. ഒരു ക്രിസ്ത്യാനിയുടെ സാന്നിദ്ധ്യം ക്രിസ്തുവിന്റെ സാന്നിദ്ധ്യം പോലെ സമൂഹത്തിനനുഭവപ്പെടണം. ക്രിസ്തുവിന്റെ ചൈതന്യമില്ലാത്ത ക്രിസ്ത്യാനിക്ക് സമൂഹത്തിൽ മുക്കാൽ ചക്രത്തിന്റെ വില പോലും ഉണ്ടാകില്ല. അതിൽ പരിതപിച്ചിട്ട് കാര്യമില്ല.

സമൂഹത്തിൽ സജീവമാക്കുന്നതിന് കുറുക്കുവഴികളൊന്നുമില്ല. വലിയ പള്ളികൾ പണിതും ഉയരം കൂട്ടിയ കുരിശുപള്ളി പണിതും ഏഷ്യയിലെ തന്നെ വലിയ നിലവിളക്ക് സ്ഥാപിച്ചും ഉയരം കൂടിയ കൊടിമരം സ്ഥാപിച്ചുമൊക്കെ സമൂഹത്തിലെ സാന്നിദ്ധ്യം ശക്തമാക്കാമെന്ന് നമ്മൾ തെറ്റിദ്ധരിച്ചു. ഇവയ്ക്കൊക്കെ ഭാവിയിൽ ടൂറിസം വളർത്താനുള്ള സാധ്യത മാത്രമേയുള്ളൂ എന്നറിയാൻ ചുറ്റുവട്ടത്തേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ മാത്രം മതി. യൂറോപ്പിലുള്ള പല വലിയ കത്തീഡ്രലുകളിലും ഇന്ന് സഞ്ചാരികളല്ലാതെ തദ്ദേശീയരായ ക്രിസ്ത്യാനികൾ ആരും വരുന്നില്ല എന്ന കാര്യം ഓർക്കണം.

നമ്മുടെ സ്കൂളുകളും കോളജുകളും മറ്റ് സ്ഥാപനങ്ങളും സമൂഹത്തിലെ സജീവ സാന്നിദ്ധ്യം അടയാളപ്പെടുത്തുന്നുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. ഇക്കഴിഞ്ഞ വർഷങ്ങളിൽ കേരളത്തിലെ ക്രിസ്ത്യൻ മെഡിക്കൽ കോളജുകളുടെ സജീവ സാന്നിദ്ധ്യം കേരള സമൂഹത്തിന് ബോദ്ധ്യപ്പെട്ടു. കുറഞ്ഞ ഫീസിൽ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തീരുമാനിച്ചപ്പോഴാണ് അത് സാധ്യമായത്. ബാംഗ്ലൂരുള്ള ഈശോസഭാ വൈദികർ നടത്തുന്ന സെന്റ് ജോസഫ് കോളജിന്റെ വെബ്സൈറ്റിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. 'ഈ കോളജ് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസ് അല്ലാതെ മറ്റൊരു തുകയും ആരിൽ നിന്നും സ്വീകരിക്കുന്നതല്ല. ആരെങ്കിലും അങ്ങനെ ആവശ്യപ്പെട്ടാൽ കോളജ് അധികാരികളെ ഉടൻ വിവരമറിയിക്കുക.' ഇത് വായിക്കുന്നവർക്ക് ഈ കോളജ് 'യേശുവിന്റെ സ്വന്തം കോളജ്' പോലെ അനുഭവപ്പെടും.

സ്വന്തം മൂല്യങ്ങളിൽ വെള്ളം ചേർക്കുന്നവനെ കൊള്ളക്കാരൻ പോലും മാനിക്കില്ല എന്നത് എന്റെ ഒരനുഭവമാണ്. കല്യാൺ രൂപതയിലെ ഒരു പള്ളിയുടെ പണിയിൽ നിരന്തരം ശല്യം ചെയ്യുന്ന ഒരാളെ ഞങ്ങൾ ചർച്ചയ്ക്ക് വിളിച്ചു. അയാൾ പറഞ്ഞ സ്ഥലത്ത് ഞങ്ങൾ ചെന്നു. (ഞാനും ഒരു കൈക്കാരനും) ഒരു ലോക്കൽ റെയിൽവേ സ്റ്റേഷനടുത്തുള്ള ഒരു ചെറിയ ഹോട്ടലിൽ വച്ചാണ് ചർച്ച. പണി നടക്കുന്ന പള്ളിയുടെ അടുത്തുള്ള ഒരു പ്രാദേശിക രാഷ്ട്രീയ നേതാവാണ് പ്രശ്നക്കാരൻ. ഞങ്ങളെ ബുദ്ധിമുട്ടിക്കരുതെന്ന് ഞാൻ അയാളോട് അഭ്യർത്ഥിച്ചു. 'ശല്യം ചെയ്യാതിരിക്കണമെങ്കിൽ 10 ലക്ഷം രൂപ തരണം'. അയാൾ തന്റെ ഡിമാന്റ് പച്ചയായി അവതരിപ്പിച്ചു. പണം തന്നാൽ ഞാൻ ഇനി ഒരു ശല്യവും ഉണ്ടാക്കില്ല. പണി തീരുന്നതിനു മുമ്പ് പണം കൊടുത്താൽ ഇയാൾ പിന്നെയും പ്രശ്നമുണ്ടാക്കി പണം ചോദിക്കും. അതു കൊണ്ട് ഒരു വ്യവസ്ഥയോടെ ഇക്കാര്യം സമ്മതിക്കാമെന്ന് ഞാൻ പറഞ്ഞു. 'ഏതാണാ വ്യവസ്ഥ?' അയാൾ ചോദിച്ചു 'പണി പൂർത്തിയായി കഴിയുമ്പോൾ പണം തരും.' അയാൾ സംശയത്തോടെ എന്നെ നോക്കി. 'പണി കഴിയുമ്പോൾ ഞാൻ വാക്കു മാറുകയില്ല. നിങ്ങൾക്കെന്നെ വിശ്വസിക്കാം.... കാരണം ഞാൻ യേശുക്രിസ്തുവിന്റെ ആളാണ്'– ഞാൻ പറഞ്ഞു.

'യൂദാസും യേശുക്രിസ്തുവിന്റെ ആളായിരുന്നു. അതുകൊണ്ട് എനിക്ക് ഫാദറിൽ വിശ്വാസമില്ല.' അയാളുടെ മറുപടി പെട്ടെന്നായിരുന്നു. ഞാൻ ചൂളിപ്പോയി. എന്റെ വിലയും നിലയും മറന്ന് ഒരു തെരുവ് ഗുണ്ടയുടെ അടുത്ത് സഹായാഭ്യർത്ഥനയുമായിപ്പോയ എനിക്ക് യൂദാസിന്റെ വില പോലും അയാൾ തന്നില്ല. ക്രിസ്തുവിനെ ആശ്രയിക്കുന്നതിനു പകരം കുറുക്കുവഴിയന്വേഷിച്ച് ഒരു ഗുണ്ടയുടെ അടുത്ത് അഡ്ജസ്റ്റ്മെൻറിന് പോയ ഞാനത് അർഹിക്കുന്നു. എനിക്കതിയായ കുറ്റബോധം തോന്നി. ഇങ്ങനെ അനേകം അഡ്ജസ്റ്റ്മെൻറുകൾ നടത്തി നമ്മുടെ മൂല്യം നാം ഇടിച്ചു കളഞ്ഞു. നാം തന്നെ നമ്മളെ വിലയില്ലാത്തവരാക്കി.

ഇനി ഒരു ഉയർത്തെഴുന്നേൽപ് സാധ്യമാണോയെന്ന് ചോദിക്കുന്നവരുണ്ട്. അവരോട് പറയാനുള്ളത് ഉയിർത്തെഴുന്നേൽക്കാൻ മാത്രം നമ്മുടെ സാന്നിദ്ധ്യം മരിച്ചിട്ടില്ല എന്നാണ്. ഒരുണർന്നെഴുന്നേൽപ് മാത്രമേ ആവശ്യമുള്ളൂ. ഓട്ടത്തിനിടയിൽ അൽപം ആലസ്യമുണ്ടായി. വഴി മാറിപ്പോയി. ഇനിയൊന്നുണർന്നാൽ മതി. എല്ലാ ശരിയാകും. ചാരം ഒന്നൂതിക്കളഞ്ഞാൽ മാത്രംമതി, കനൽ തെളിഞ്ഞു വരും.

നമ്മുടെ സാന്നിദ്ധ്യ ശക്തി എങ്ങനെ വീണ്ടെടുക്കാം. വളരെ ചെറിയ മൂന്നു മാറ്റങ്ങളിലൂടെ ഇത് സാധ്യമാക്കാവുന്നതേയുള്ളൂ എന്നാണ് എന്റെ പക്ഷം.

- നമ്മുടെ മൂല്യം നാം തന്നെ മനസ്സിലാക്കുക: ഒരു ക്രിസ്ത്യാനിക്കുള്ളത് ക്രിസ്തുവിന്റെ മൂല്യമാണ്. മറ്റാർക്കും അതിനെ തകർക്കാൻ സാധിക്കുകയില്ല.
- ക്രിസ്തുവിന്റെ മൂല്യങ്ങളിലേയ്ക്കുള്ള മടക്കയാത്ര അതിവേഗം ആരംഭിക്കുക. (കാര്യം വ്യക്തം – വിശദീകരിക്കുന്നില്ല.)
- നമ്മുടെ വിഭവങ്ങൾ മുഴുവൻ മനുഷ്യവിഭവശേഷി വികസനത്തിനായി നിക്ഷേപിക്കുക. ദൈവജനമാകുന്ന മനുഷ്യ വിഭവത്തിൽ നമ്മുടെ ധനവും വിഭവങ്ങളും നിക്ഷേപിക്കുക. കുറച്ചു വർഷങ്ങൾക്ക് മുമ്പ് വരെ നാം നിക്ഷേപിച്ചതൊക്കെ അങ്ങനെയായിരുന്നു. പള്ളി, സ്കൂൾ, കോളജ്, ആശുപത്രികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, സൊസൈറ്റികൾ, കളിസ്ഥലം എന്നു വേണ്ട എല്ലാം. ഇതിന്റെയെല്ലാം പിന്നിൽ ഒറ്റ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളൂ; ദൈവജനമാകുന്ന മനുഷ്യവിഭവശേഷിയുടെ വളർച്ചയും പരിപോഷണവും.

എന്നാൽ പിന്നീട് നാം നമുക്കുള്ളതെല്ലാം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും നിക്ഷേപിക്കാനാരംഭിച്ചു. വലിയ പള്ളികൾ, കുരിശുപള്ളികൾ, മണി മാളികകൾ, കൊടിമരങ്ങൾ, നിലവിളക്കുകൾ, തുടങ്ങി പലതും. ആദ്യമൊക്കെ ഇതിൽ നമ്മൾ സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്തു. നാടിന്റെ തിലകക്കുറിയെന്നും, ഇടവകയുടെ അഭിമാനമെന്നുമൊക്കെ ഈ കെട്ടിടങ്ങളെ നമ്മൾ വാഴ്ത്തി. ഇക്കാലഘട്ടത്തിൽ മനുഷ്യവിഭവശേഷി വികസനം മൂന്നാം സ്ഥാനത്തേക്കോ നാലാം സ്ഥാനത്തേക്കോ പിന്തള്ളപ്പെട്ടു. സംശയമുണ്ടെങ്കിൽ ഇടവകകളിലെ വേദപാഠ ക്ലാസുകളിലേക്കൊന്നു നോക്കൂ. ഏറ്റവും പ്രാകൃത രൂപത്തിലുള്ള ബഞ്ചുകളും ഡസ്ക്കുകളും നമുക്കവിടെ കാണാൻ സാധിക്കും. സെക്കുലർ വിദ്യാഭ്യാസത്തിനു വേണ്ടി ലോണെടുത്തും, പിരിവെടുത്തും സ്മാർട്ട് ക്ലാസ്സുകൾ നിർമ്മിച്ച നാം ഇനി എന്നാണ് വേദപാഠ ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് മുറികളിലേയ്ക്ക് മാറ്റുക. നാളത്തെ ഇന്ത്യ രൂപപ്പെടുന്നത് ക്ലാസ്സ് മുറികളിലാണ് എന്ന് കോത്താരി കമ്മീഷൻ നിരീക്ഷിച്ചിട്ടുണ്ട്. നാളത്തെ സഭ രൂപപ്പെടുന്നതിൽ ഒരു വലിയ പങ്ക് വേദപാഠ ക്ലാസ്സ് മുറികൾക്കുണ്ട് എന്നു കരുതുന്നതിൽ ദൈവശാസ്ത്രപരമായി ശരിയുണ്ട്.

'ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചുയരും, അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല' (ഏശയ്യ 40:31).

# അദ്ധ്വാനവും ആത്മീയതും ചേരുംപടി ചേരട്ടെ

▸ പേജ് രണ്ടിൽ നിന്നു തുടർച്ച

അങ്ങനെയുള്ള പുതുനാമ്പുകളെ പരമാവധി വളർത്താൻ നേതൃത്വവും മുതിർന്നവരും ശ്രദ്ധിക്കണം. ശക്തമായ രാഷ്ട്രീയ നേതൃനിര ഉണ്ടെങ്കിൽ സമുദായ ശബ്ദം ശ്രദ്ധിക്കപ്പെടും.

ക്രൈസ്തവർക്ക് പരാതി ഉണ്ടെന്ന് മനസിലാക്കി രാഷ്ട്രീയ പാർട്ടികൾ ഇതിനിടയിൽ ചുവടുറപ്പിക്കാൻ നോക്കുന്നുണ്ട്. സഹായം തേടുന്നത് നല്ലതാണെങ്കിലും 'ഫ്രീലഞ്ച്' എന്ന ഒന്നില്ലെന്ന പഴഞ്ചൊല്ല് മറക്കാതിരിക്കാം. കൈനീട്ടുന്നവരുടെ മനസിലിരുപ്പ് കരുതിയിരിക്കണമല്ലോ!

സാംസ്കാരിക കലാ സാഹിത്യ രംഗങ്ങളിലെ സാന്നിധ്യവും വളരെ കുറവ്. ഈ രംഗങ്ങളിലെ തലയെടുപ്പുള്ളവരാണ് സമുദായത്തിന്റെ പതാകവാഹകരെന്ന യാഥാർത്ഥ്യം മനസിലാക്കി വേണ്ടപോലെ പ്രോത്സാഹനം നൽകണം. കായിക മേഖലയിൽ ക്രൈസ്തവർ മുന്നിലാണെങ്കിലും ഇത് പരമാവധി ഉയർത്താനുള്ള എല്ലാ വഴികളും തേടണം.

**വിശ്വാസം:** അധ്വാനവും ആത്മീയതയും ചേരുംപടി ചേരുന്ന കരുത്തിന്റെയും ധാർമ്മികതയുടെയും സൗന്ദര്യമായിരുന്നു കുടിയേറ്റമേഖലയുടെ മുഖപ്രസാദം. ഒന്ന് മറ്റൊന്നിനെ ജ്വലിപ്പിക്കുകയും നേർവഴിക്കു നടത്തുകയും ചെയ്തിരുന്നു. ആത്മീയതയുടെ നിറവ് കൂടുതൽ സൃഷ്ടിപരമായ കർമ്മത്തിലേക്ക് നയിക്കണം. അനുഷ്ഠാനങ്ങൾ ആവശ്യത്തിലേറെ കൂട്ടി 'സമൃദ്ധിയുടെ സുവിശേഷ'ത്തിൽ അഭിരമിച്ച് അധ്വാനത്തേക്കാൾ സാന്ത്വനം തിരഞ്ഞെടുക്കുന്നവരായി ചിലരെങ്കിലും മാറിയിട്ടുണ്ട്. നിർഭാഗ്യവശാൽ ഇതിനു പ്രോത്സാഹനവും കിട്ടുന്നു. ഇവർ വെല്ലുവിളികളിൽ നിന്ന് ഒളിച്ചോടും. ആത്മീയത സൃഷ്ടിപരമെന്നതിനേക്കാൾ വ്യക്തിപരമായ അനുഭൂതിയായി മുരടിച്ചു നിൽക്കും. ഇങ്ങനെ മയക്കത്തിലായാൽ മറ്റു സമുദായങ്ങൾ ചവിട്ടികടന്നു പോകുന്നതുപോലും അറിയില്ല. അറിഞ്ഞാൽ തന്നെ പ്രതികരിക്കാനുള്ള ശേഷി അതിനകം ചോർന്നിട്ടുണ്ടാകും.

യഥാർത്ഥ വിശ്വാസം കൈമാറ്റം ചെയ്യപ്പെടാത്തതിനാൽ യുവതലമുറയെ ചേർത്തു നിർത്താൻ വിഷമിക്കുന്നു. ഏറുന്ന വിവാഹ മോചനങ്ങളും കുടുംബ തകർച്ചകളും ഇതിന്റെ പ്രതിഫലനങ്ങളാണ്.

ശ്രദ്ധിക്കേണ്ട മേഖലകൾ ഇനിയും ഏറെയുണ്ടാകും. കൊറോണക്കാലം വീണ്ടുവിചാരത്തിനു ദൈവം ഒരുക്കിയ വിശ്രമകാലമെന്നു കണ്ടാൽ വീഴ്ചകൾ തിരുത്തി മുന്നേറാനുള്ള ഏറെ അവസരങ്ങൾ തെളിഞ്ഞു കിട്ടും.



# മഴവില്ല്

ആത്മീയ ദർശനങ്ങൾക്ക് സ്വജീവിതത്താൽ ആഖ്യായിക തീർത്ത താപസശ്രേഷ്ഠൻ ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ വിചിന്തനങ്ങൾ - 'ഗുരുചരണം' പരമ്പര ആരംഭിക്കുന്നു...


● ഫാ. ബോബി ജോസ് കട്ടികാട്

"Just as despair can come to one only from other human beings, hope, too, can be given to one only by other human beings."

-Elie Wiesel

ഇറ്റലിയിൽ നിന്ന് ആരംഭിച്ച ഒരു കാര്യം യൂറോപ്പ് ഏറ്റെടുത്തു എന്ന പത്രവാർത്ത കണ്ടു. കടുംവർണങ്ങൾ കൊണ്ട് ജാലകങ്ങളിലും ചുവരുകളിലും മഴവില്ലുകൾ വരച്ചിടുകയാണ് അത്. മഴവില്ലിന്റെ കഥയ്ക്ക് ബൈബിളിനോളം പഴക്കമുണ്ട്. ഒരു കൊടിയ പ്രളയത്തിനു ശേഷം, ഇനി ഭൂമിയിൽ മറ്റൊരു സർവനാശത്തിന്റെ കഥയുണ്ടാവില്ലെന്ന ഉടമ്പടിയുടെ ഭാഗമായിരുന്നു അത്. മഴവില്ലിനെ ഇന്ദ്രചാപമായിട്ടാണ് ഭാരതം സങ്കല്പിച്ചത്.

കഥകൾ പറഞ്ഞുപറഞ്ഞ് മനോമുകുരങ്ങളിൽ മഴവില്ലെഴുതുക എന്നൊരു രീതി ചരിത്രത്തിന്റെ ഏതൊരു ദുരിതകാലത്തുമുണ്ടായിരുന്നു. ഇംഗ്ലീഷ് സാഹിത്യം പഠിച്ചവർക്ക് ബൊക്കാച്ചോയുടെ ഡെക്കാമറൺ കഥകൾ പരിചയമുണ്ട്. രോഗഭീതികളേയും ദുരന്താനുഭവങ്ങളേയും ജീവിതകാമന കൊണ്ടും ഫലിതം കൊണ്ടും കുറുകെ കടക്കാനുള്ള ശ്രമമായിരുന്നു അത്. മനഃശാസ്ത്രതലങ്ങളുള്ള ആഖ്യാനരൂപമായി വേണം ബൊക്കാച്ചോയുടെ കഥകളെ കാണാൻ. 'കറുത്ത മരണം' എന്നു വിശേഷിപ്പിക്കപ്പെട്ട പ്ലേഗ് യൂറോപ്പിനെ വിഴുങ്ങിയ കാലത്തിന്റെ ശേഷിപ്പാണിത്. രാപ്പകൽ തെരുവുകളിൽ മരിച്ചുവീഴുന്ന മനുഷ്യർ, തീവ്രമായ മരണഭയത്തെ ശേഷിച്ചവരിൽ നിറച്ചുതുടങ്ങി. അങ്ങനെ ജീവരക്ഷാർത്ഥം ഫ്ളോറൻസിൽ നിന്ന് ഓടിപ്പോയ ഏഴു സ്ത്രീകളും മൂന്നു പുരുഷന്മാരും ഒരുമിച്ച് കണ്ടുമുട്ടുകയാണ്. ഒരു കൂട്ടുജീവിതത്തിന്റെ ആനുകൂല്യം അവർക്കു ലഭിക്കുന്നു. രോഗഗ്രസ്തമായ മനസ്സിനെ ജീവിതാഭിമുഖ്യത്തിലേക്ക് വിളിച്ചുണർത്തുക എന്ന ദൗത്യമായിരുന്നു അവരുടെ കഥകൾക്ക്. ഒരുതരം കഥാർസിസ് തന്നെയായിരുന്നു അത്. ഡെകാമറൺ എന്നാൽ പത്തു നാളുകൾ എന്നർത്ഥം. അറേബ്യൻ രാത്രികളുടെ കഥ പോലെ തന്നെയാണിതും. കഥ പറഞ്ഞുപറഞ്ഞ് ഉദ്വേഗം നിലനിർത്തി ജീവനെ സംരക്ഷിക്കുക.



പുണ്യഗ്രന്ഥങ്ങളെല്ലാം പറയാൻ ശ്രമിക്കുന്നത് പ്രത്യാശയുടെ കഥകളാണ്. സന്താനഭാഗ്യമില്ലാത്ത ഒരു പുരുഷനും സ്ത്രീയും ആകാശത്തിലെ നക്ഷത്രങ്ങളും ഭൂമിയിലെ മണൽത്തരികളും പോലെ പൈതങ്ങളെ കിനാവു കണ്ടുറങ്ങിയ അബ്രാഹത്തിന്റേതു മുതൽ നൂറുകണക്കിനു പ്രതീക്ഷയുടെ കഥകൾ കൊണ്ട് സമ്പന്നമാണ് ബൈബിൾ. 'നിന്നോടൊപ്പം ഞാനുണ്ടായിരിക്കും' എന്ന ഒരേയൊരു ഉറപ്പിന്റെ ബലത്തിൽ ചെറുഗണം മനുഷ്യരേക്കൊണ്ട് മഹാസൈന്യത്തെ നേരിട്ട ഗിഡിയോൺ, സിംഹക്കുഴിയിലെ ഡാനിയൽ, അപമാനിതയായ ഹന്ന, കവണയും കല്ലുമായെത്തുന്ന ഡേവിഡ്, ജറുസലേമിന്റെ പുനർനിർമാണമെന്ന ഭാരിച്ച നുകം ഏറ്റെടുത്ത നെഹെമിയ, നഷ്ടമായതെല്ലാം തിരികെക്കിട്ടിയ ജോബ്, തഴുതിട്ട മുറിയിലെ നഷ്ടധൈര്യരായ അവന്റെ അപ്പസ്തോലന്മാർ, എത്ര അകന്നുപോയോ അതിന്റെ പല മടങ്ങു വേഗത്തിൽ മടങ്ങിയെത്താനാവുമെന്ന ഗുണപാഠവുമായി പോൾ, മരണനേരത്തും പ്രത്യാശയുടെ ആകാശത്തിലേക്ക് ഉറ്റുനോക്കി കരം കൂപ്പുന്ന സ്റ്റീഫൻ... അങ്ങനെ അനേകർ ഒലിവുചില്ലകളുമായി അതിന്റെ പാതയോരത്ത് നിൽപ്പുണ്ട്. ഹോളോകോസ്റ്റ് സ്മാരകങ്ങളിൽപ്പോലും ഇന്നവർ പറയാൻ ശ്രമിക്കുന്നത് നൃശംസതയുടെ ഒരു കാലത്തേക്കുറിച്ചല്ല, മറിച്ച് ചെറുതെങ്കിലും ദീപ്തമായിരുന്ന പ്രതീക്ഷയുടെ കഥകളാണ്. ആ അർത്ഥത്തിൽ അത്തരം മ്യൂസിയങ്ങൾ ഒരുതരം ഹോപ് ക്ലിനിക്കുകളാകുന്നു.


## വിദേശത്തു പഠനവും ജോലിയും ആഗ്രഹിക്കുന്നവരാണോ...?
## താമരശ്ശേരി രൂപതയുടെ LDS നിങ്ങളെ സഹായിക്കാനുണ്ട്



OVERSEAS EDUCATION
- Canada
- Australia
- UK, US
- New Zealand
- Ireland
- Sweden

OUR SERVICES
- Career Counselling
- Admission in foreign Colleges
- Admission in Indian Colleges
- Follow up services
- Foreign language classes
- Linkage with reputed Foreign Universities
- Free IELTS/OET

Website:www.ldstsy.com
Email:ldsthamarasserydiocese@gmail.com

IN ASSOCIATION WITH
NAIPUNNYA INTERNATIONAL

OUR SISTER CONCERN

MOTHER TERESA IELTS & OET TRAINING CENTRE

- IELTS/OET/CBT Coaching
- Reasonable fee structure
- Communicative English Coaching
- Direct & online classes
- Experienced & qualified faculty
- Excellent result
- Hostel facility

Mother Teresa IELTS and OET Training Centre
Near Govt. Higher Secondary School,
Puthuppady, Calicut
Mob: +91 9072308050, 9447886341
Email: contactmotherteresa@gmail.com

LDS International & HR Consultancy
Matha Towers , Thamarassery
Phone: 8547467772, 8547467771

# സയൻസിൽ ഉന്നത പഠനത്തിന് ജാം, ജെസ്റ്റ്

**രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭ്യമാക്കുന്ന ദേശീയ പരീക്ഷകളായ ജാം, ജെസ്റ്റ് എന്നിവയ്ക്ക് അപേക്ഷിക്കാൻ സമയമായി**



വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

വിവിധ സയൻസ് വിഷയങ്ങളിലും ഇക്കണോമിക്സിലും, എംഎസ് സി, എം എസ് സി– പി എച്ച് ഡി, എം എസ് സി– എം എസ് സി– എം എസ്, പി എച്ച് ഡി പ്രോഗ്രാമുകൾക്ക് രാജ്യത്തെ മുൻനിര സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭ്യമാകുന്ന ദേശീയ പരീക്ഷകളായ ജാം, ജെസ്റ്റ് എന്നിവയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം.

### ജാം 2021

രാജ്യത്തെ പ്രമുഖ ഐഐടികളിൽ എംഎസ്സി ഇന്റഗ്രേറ്റഡ് എംഎസ്സി– എംഎസ്– പിഎച്ച്ഡി മറ്റ് പോസ്റ്റ് ബാച്ചിലർ ഡിഗ്രി പ്രോഗ്രാമുകൾ കൂടാതെ ബാംഗ്ലൂർ ഐഐഎസിലെ ഇന്റഗ്രേറ്റഡ് എംഎഎസ്സി– പിഎച്ച്ഡി പ്രോഗ്രാം എന്നിവയ്ക്ക് ജാം സ്കോറാണ് അഡ്മിഷന് പരിഗണിക്കുന്നത്. ബയോടെക്നോളജി, ഫിസിക്സ്, മാത്തമാറ്റിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ്, ഇക്കണോമിക്സ് എന്നീ ഏഴു വിഷയങ്ങളിലാണ് ജാം പരീക്ഷ നടക്കുന്നത്. ഇക്കണോമിക്സിൽ ഈ വർഷം മുതലാണ് ജാം പരീക്ഷ തുടങ്ങുന്നത്.

2021 ഫെബ്രുവരി 14 നാണ് അടുത്ത ജാം പരീക്ഷ. ബയോടെക്നോളജി, ഫിസിക്സ്, മാത്തമാറ്റിക്കൽ സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങൾക്ക് 14 ന് രാവിലെയും മറ്റ് വിഷയങ്ങൾക്ക് അന്ന് ഉച്ചകഴിഞ്ഞുമാണ് പരീക്ഷ. മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ പൂർണമായും കംപ്യൂട്ടർ ബേസ്ഡ് ആണ്. 100 മാർക്കുള്ള പരീക്ഷയ്ക്ക് 60 ചോദ്യങ്ങൾ ആണ് ഉള്ളത്. ഓരോ വിഷയങ്ങളുടെയും സിലബസും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും അവയുടെ ഉത്തര സൂചികകളും വെബ് സൈറ്റിൽ ലഭ്യമാണ്.

ഐഐടി, ഐഐഎസ്സി എന്നീ സ്ഥാപനങ്ങൾക്കു പുറമേ ഇന്ത്യയിലെ മറ്റ് ചില ഉന്നത സ്ഥാപനങ്ങളും അഡ്മിഷന് ജാം സ്കോർ പരിഗണിക്കുന്നുണ്ട്. കേരളത്തിൽ കണ്ണൂർ, കോഴിക്കോട്, തൃശൂർ, കൊച്ചി തുടങ്ങിയവ പരീക്ഷാ കേന്ദ്രങ്ങളാണ്.

### ജെസ്റ്റ് 2021

രാജ്യത്തെ മുപ്പതോളം പ്രമുഖ സ്ഥാപനങ്ങളിൽ ഫിസിക്സ്, മാത്സ്, കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടേഷണൽ ബയോളജി, ന്യൂറോ സയൻസ് തുടങ്ങിയ വിഷയങ്ങളിൽ പിഎച്ച്ഡി, ഇന്റഗ്രേറ്റഡ് എംഎസ്സി, പി എച്ച്ഡി, പിജി/ ബി.ടെക്ക് കഴിഞ്ഞവർക്കുള്ള എംടെക് പിഎച്ച്ഡി പ്രോഗ്രാം എന്നിവയ്ക്ക് ചേരുവാൻ അവസരമൊരുക്കുന്ന പരീക്ഷയാണ് ജോയിന്റ് എൻട്രൻസ് സ്ക്രീനിങ് ടെസ്റ്റ് അഥവാ ജെസ്റ്റ്.

2021 ൽ ഏപ്രിൽ 11 നാണ് അടുത്ത ജെസ്റ്റ് പരീക്ഷ, കേരളത്തിൽ കൊച്ചിയും കോഴിക്കോടും തിരുവനന്തപുരവും പരീക്ഷാ കേന്ദ്രങ്ങളാണ്.

പിജി പ്രോഗ്രാമിനും, പി എച്ച് ഡി പ്രോഗ്രാമിനുമുള്ള പരീക്ഷ ഒന്നുതന്നെയാണ്. ഇപ്പോൾ അവസാന വർഷ ഡിഗ്രിക്ക് പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഫിസിക്സ്, കംപ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ പരീക്ഷകൾക്ക് മാത്രമാണ് ജെസ്റ്റ് പരീക്ഷ ഉള്ളത്. ബോംബെയിലെ ഹോമി ബാബ സെന്റർ ഫോർ സയൻസ് എഡ്യുക്കേഷണൽ, എഡ്യുക്കേഷണൽ പിഎച്ച്ഡി ചെയ്യുന്നതിനും ജെസ്റ്റ് സ്കോർ പരിഗണിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ എംഎസ്സി, എംഎസ്ഡബ്ളിയു, എംഎ എഡ്യൂക്കേഷൻ, എംഎ സൈക്കോളജി, ബി. ടെക്ക്, എംബിബിഎസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഒ.എം.ആർ മാതൃകയിൽ ഓഫ് ലൈനായാണ് പരീക്ഷ.

രാജ്യത്തെ വിവിധ ഐസറുകൾ, നൈനിറ്റാളിലെ ആര്യഭട്ട റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, അലഹബാദിലെ ഹരിഷ് ചന്ദ്ര റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂരിലെ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക് സയൻസ്, കൽപ്പാക്കം ഇന്ദിരാഗാന്ധി സെന്റർ ഫോർ ആറ്റോമിക്ക് റിസേർച്ച് ടെക്നോളജി, ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ്, ബാംഗ്ലൂർ ഐഐഎസ്സി, തിരുവനന്തപുരം ഐഐഎസ്ടി, ചെന്നൈ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂർ രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഭുവനേശ്വർ– നൈസർ, ബോംബെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച്ച് തുടങ്ങി ദേശീയ തലത്തിലെ 33 സ്ഥാപനങ്ങൾ ആണ് ജെസ്റ്റ് സ്കോർ എംഎസ്സി, എംഎസ്സി– പിഎച്ച്ഡി പ്രോഗ്രാമുകൾക്ക് പരിഗണിക്കുന്നത്.

ഓരോ സ്ഥാപനത്തിലും സൗകര്യമുള്ള ഗവേഷണ വിഷയങ്ങളും വ്യവസ്ഥകളും അതാത് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. പഠനത്തിന് അതാത് സ്ഥാപനങ്ങൾ നൽകുന്ന ഫെലോഷിപ്പ് ലഭിക്കും. പ്രവേശന വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് ആ സ്ഥാപനത്തിലേക്ക് അപേക്ഷ നൽകണം.

കൂടുതൽ വിവരങ്ങൾക്ക്: www.jest.org.in.

# ചർമ്മ സംരക്ഷണം കൗമാരകാലത്ത്



ആരോഗ്യരംഗം

ഡോ. ജെനി മാത്യു

സൗന്ദര്യത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ബോധവാന്മാരാകുന്ന സമയമാണ് കൗമാരം. സുന്ദരമായ ചർമ്മം ഈ പ്രായത്തിൽ എല്ലാവരുടെയും ഒരു സ്വപ്നമാണ്. എന്നാൽ, ഏറ്റവും കൂടുതൽ ചർമ്മ സംബന്ധമായ പ്രശ്നങ്ങളും ചർമ്മരോഗങ്ങളും കാണപ്പെടുന്നതും ഈ പ്രായത്തിൽത്തന്നെ. ഇത് കുട്ടികളുടെ മാനസിക വളർച്ചയെത്തന്നെ പ്രതികൂലമായി ബാധിക്കുന്നതായി കാണാറുണ്ട്.

മുഖക്കുരു, അവമൂലമുള്ള കലകൾ, കരുവാളിപ്പ്, കറുത്ത പാടുകൾ, കൺ തടങ്ങളിലെ കറുപ്പ്, കഴുത്തിലും മറ്റും കാണുന്ന കറുപ്പുനിറം, മുടികൊഴിച്ചിൽ, താരൻ, അകാലനര, അമിത രോമവളർച്ച എന്നിവയാണ് കൗമാരക്കാരെ അലട്ടുന്ന പ്രധാന പ്രശ്നങ്ങൾ.

മുഖക്കുരു കൗമാരത്തിന്റെ പ്രാരംഭത്തിൽ തന്നെ കാണപ്പെടുന്നതും, കൂടുതൽ കാലം നിലനിൽക്കുന്നതുമാണ്. മുടികൊഴിച്ചിൽ ആൺകുട്ടികളിലും പെൺകുട്ടികളിലും സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്നു. പെൺകുട്ടികളിൽ അമിത രോമവളർച്ചയും, ആൺകുട്ടികളിൽ രോമവളർച്ച ഇല്ലാതിരിക്കുന്നതും കൗമാരക്കാരുടെ മാനസിക പിരിമുറുക്കത്തിന് കാരണമാകാറുണ്ട്.

ശരീരത്തിലെ സൂക്ഷ്മ അസന്തുലിതാവസ്ഥ ത്വക്കിനെ പ്രതികൂലമായി ബാധിക്കും. സൂര്യതാപം, കാലാവസ്ഥാ വ്യതിയാനങ്ങൾ, അന്തരീക്ഷ മലിനീകരണം, റേഡിയേഷൻ എന്നിവയും ബാഹ്യചർമ്മ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

കൗമാരത്തിലെ ഹോർമോൺ വ്യതിയാനങ്ങൾ പലതരത്തിലുള്ള ചർമ്മപ്രശ്നങ്ങളിലേക്ക് നയിക്കാറുണ്ട്. പുരുഷ ഹോർമോൺ (Androgen Hormone) ശരീരത്തിൽ പ്രവർത്തിച്ചു തുടങ്ങുമ്പോഴാണ് മുഖക്കുരു പ്രത്യക്ഷപ്പെടുന്നത്. ഈ ഹോർമോണിലുള്ള വ്യതിയാനത്തിനനുസരിച്ച് മുഖക്കുരു കൂടിയും കുറഞ്ഞുമിരിക്കും. ഹോർമോണുകൾ സന്തുലിതാവസ്ഥയിലുള്ളവരുടെ ശരീരം പൊതുവെ ആരോഗ്യമുള്ള ചർമ്മത്തോടും നിറത്തോടും കൂടിയുള്ളതാണ്.

### ഭക്ഷണക്രമം

ജീവിതശൈലിയിലും ആഹാര രീതിയിലും വന്ന മാറ്റങ്ങളാണ് ഹോർമോൺ വ്യതിയാനങ്ങൾക്ക് കാരണം. കൗമാരക്കാർക്കു പ്രിയങ്കരമായ ഹൈ ഫാറ്റ്, ഹൈ ഗ്ലൈസീമിക് (ബേക്കറി, ജങ്ക് ഫുഡ്) ഭക്ഷണങ്ങൾ ഹോർമോൺ വ്യതിയാനങ്ങൾക്ക് വലിയ രീതിയിൽ വഴി വയ്ക്കുന്നവയാണ്. പോഷകമൂല്യമുള്ള പഴങ്ങളും, പച്ചക്കറികളും, നാരും, തവിടും ഭക്ഷണത്തിൽ ഉൾപ്പെടുത്താതിരിക്കുന്നത് ത്വക്കിന്റെ ആരോഗ്യത്തെ സാരമായി ബാധിക്കും. സമയ നിഷ്ഠയില്ലാത്ത ഭക്ഷണക്രമം ഹോർമോൺ വ്യതിയാനത്തിത്തെ ത്വരിതപ്പെടുത്തുന്നു.

### മാനസിക സമ്മർദ്ദം

പല കാരണങ്ങൾക്കൊണ്ടും കൗമാരക്കാരിൽ മാനസിക സമ്മർദ്ദം അനിയന്ത്രിതമായി വർധിക്കുന്നുവെന്നാണ് വിവിധ റിപ്പോർട്ടുകൾ പറയുന്നത്. സോഷ്യൽ മീഡിയ ഉപയോഗം / ദുരുപയോഗം വളരെ കൂടുതലായി ഹോർമോൺ വ്യതിയാനങ്ങൾക്ക് കാരണമാകുന്നുണ്ട്.

ഉറക്കക്കുറവ്, നേരം വൈകിയുള്ള ഉറക്കം, വ്യായാമമില്ലായ്മ, അമിതവണ്ണം ജീവിതശൈലീമാറ്റങ്ങൾ ചർമ്മ സൗന്ദര്യത്തെ കൂടാതെ രോഗാവസ്ഥക്കും കാരണമാകുന്നു.

കൗമാരക്കാരിൽ വളരെയധികമായി കണ്ടുവരുന്ന പോളി സിസ്റ്റിക് ഓവറി സിൻഡ്രോം, തൈറോയ്ഡ് പ്രശ്നങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.

### ശ്രദ്ധിക്കണം ഇവ

ചർമ്മ സൗന്ദര്യം നിലനിർത്താൻ യാതൊരു കുറുക്കുവഴിയും ഇല്ല എന്നതാണ് യാഥാർത്ഥ്യം. പരസ്യത്തിൽ കാണുന്ന ക്രീമോ ഫേസ്വാഷോ സോഷ്യൽ മീഡിയയുടെ 'നാട്ടു വൈദ്യമോ' നിങ്ങളുടെ ചർമ്മത്തെ സംരക്ഷിക്കുകയില്ലെന്നതാണ് യാഥാർത്ഥ്യം. ഇത്തരം ഉൽപന്നങ്ങളിൽ സ്റ്റിറോയിഡുകളടക്കം പാർശ്വഫലങ്ങളുണ്ടാക്കുന്ന കെമിക്കലുകൾ അടങ്ങിയിട്ടുണ്ടാകാം. ഇവയുടെ നിരന്തര ഉപയോഗം കൂടുതൽ സങ്കീർണ്ണതകളിലേക്ക് നയിച്ചേക്കാം.

ചർമ്മ വിദഗ്ദ്ധന്റെ നിർദ്ദേശപ്രകാരം ഒരാളുടെ ചർമ്മത്തിന്റെ സവിശേഷതകൾ മനസിലാക്കി മാത്രം ഉപയോഗിക്കേണ്ട ഫെയർനെസ് ക്രീം ഉൽപന്നങ്ങളുണ്ട്. എന്നാൽ അവ സ്വന്തം നിലയ്ക്ക് വാങ്ങി ഉപയോഗിക്കുന്നത് വിദഗ്ധ ചികിത്സ ആവശ്യമായിവരുന്ന രീതിയിലേക്ക് വഴിവച്ചേക്കാം. സ്ഥിരമായ സൂര്യപ്രകാശമേൽക്കുന്നത് ചർമ്മം അതിവേഗം ചുളിയുവാനും കരിവാളിക്കുവാനും നിറവ്യത്യാസത്തിനും കാരണമാകും. ഇൻഫ്രാറെഡ് റേഡിയേഷൻ, മൊബൈൽ ഫോൺ – ഗാഡ്ജറ്റ്സ് എന്നിവയുടെ ബ്ലൂ ലൈറ്റ് റേഡിയേഷൻ എന്നിവയും ചർമ്മത്തിന് ഹാനികാരം തന്നെ.

### മറക്കരുത്

- ചർമ്മത്തിനനുസരിച്ചുള്ള (ഓയിലി, ഡ്രൈ, നോർമൽ, സെൻസിറ്റീവ്) സ്കിൻ ക്ലൻസേർ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.
- ചർമ്മത്തിന് മാർദ്ദവവും, മൃദുത്വവും നൽകുന്ന മോയ്സ്ചറൈസർ ചർമ്മ സംരക്ഷണത്തിന്റെ സുപ്രധാന ഉപാധിയാണ്. ഓയിലി സ്കിൻ ഉള്ളവർക്കായി ഓയിൽ ഫ്രീ അല്ലെങ്കിൽ ജെൽ ടൈപ്പ് മോയ്സ്ചറൈസറുകൾ ലഭ്യമാണ്.
- ചർമത്തിനു ഇണങ്ങുന്ന സൺസ്ക്രീം ഗൃഹത്തിനകത്തും ഉപയോഗിക്കുന്നത് വഴി ചർമ്മത്തിനു പരിരക്ഷ നൽകാം.
- കൗമാരത്തിൽ മറ്റു കോസ്മെറ്റിക് പ്രോഡക്ടുകൾ പരമാവധി കുറച്ചു, നല്ല ക്ലൻസേർ, മോയ്സ്ചറൈസർ, സൺസ്ക്രീം എന്നിവ ചർമാരോഗ്യ ദിനചര്യയുടെ ഭാഗമാക്കാം.
- ചർമ്മപ്രശ്നങ്ങൾ തുടക്കത്തിലേ കണ്ടെത്തി വിദഗ്ദ്ധ ചികിത്സ തേടണം. അവഗണിക്കുന്ന പതിവ് ശീലം മാറണം. തുടക്കത്തിലുള്ള വിദഗ്ധോപദേശം ഒരുപക്ഷെ, ഭാവിയിലെ സങ്കീർണതകളിൽനിന്നുള്ള ഒരു മോചനമാകാം.

ഉപകാരസ്മരണ



ജോസഫ് നാലോലിക്കൽ, പുഷ്പഗിരി

ഉപകാരസ്മരണ



ലിസ്സി തൈയ്ക്കൽ, കൂടരഞ്ഞി

# വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം

1870 ഡിസംബർ എട്ടിന് പതിനൊന്നാം പീയൂസ് മാർപാപ്പ യൗസേപ്പിതാവിനെ കത്തോലിക്കാ സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150–ാം വാർഷികത്തോടനുബന്ധിച്ച് 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു. 'പാത്രിസ് കോർദേ' (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെയാണ് മാർപാപ്പ ഇക്കാര്യം പ്രഖ്യാപിച്ചത്.

വിശുദ്ധ യൗസേപ്പിതാവിനെ സ്നേഹനിധിയായ അപ്പനായും വാത്സല്യമുള്ള പിതാവായും അനുസരണയുള്ള വ്യക്തിയായും ദൈവിക പദ്ധതികളെ സ്വീകരിക്കുന്ന മനുഷ്യനായും ധൈര്യമുള്ളവനായും അദ്ധ്വാനിക്കുന്ന കുടുംബനാഥനായും പ്രിയപ്പെട്ടവരുടെ നിഴലായി കൂടെ നടക്കുന്ന സംരക്ഷകനായും വിശേഷിപ്പിക്കുകയാണ് ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പ. കോവിഡ്–19 പശ്ചാത്തലത്തിൽ മുഖ്യധാരയിൽ നിന്നും അകന്ന് ക്ഷമയോടും പ്രത്യാശയോടും കൂടെ ഈ കാലഘട്ടത്തെ നേരിട്ട സാധാരണക്കാരുടെ പ്രാധാന്യത്തെ പ്രത്യേകമായി പരാമർശിച്ചുകൊണ്ട് സാധാരണക്കാരനായി ജീവിച്ച യൗസേപ്പിതാവിന്റെ അസാധാരണത്വം വ്യക്തമാക്കുകയാണ് ഈ അപ്പസ്തോലിക പ്രബോധനത്തിൽ.

### ● സ്നേഹനിധിയായ, വാത്സല്യമുള്ള അപ്പൻ/അനുസരണയുള്ള മകൻ.

മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോ ദൈവപിതാവിന്റെ വാത്സല്യം നുകർന്നത് യൗസേപ്പെന്ന വാത്സല്യമുള്ള അപ്പനിലൂടെയാണ്. യൗസേപ്പെന്ന അപ്പന്റെ പിതൃത്വം പ്രഖ്യാപിക്കപ്പെടുന്നത് ദൈവത്തിനു മുമ്പിൽ അനുസരണയുള്ള മകനായി ദൈവനിയോഗം ഏറ്റെടുക്കുന്നതിലൂടെയാണ്.

> ## വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന
>
> 
> 
>
> **ഞങ്ങളുടെ വിമോചകന്റെ പാലകനായ വിശുദ്ധ യൗസേപ്പിതാവേ, പരിശുദ്ധ കന്യാമറിയത്തിന്റെ മണവാളാ, ദൈവം തന്റെ ഏകജാതനെ ഭരമേൽപ്പിച്ച അങ്ങിലാണല്ലോ പരിശുദ്ധ കന്യകാ മറിയം ശരണപ്പെട്ടത്. അങ്ങയോടൊപ്പമാണല്ലോ ഈശോ വളർന്നത്. വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങളുടെ സ്വർഗ്ഗീയ താതനായിരുന്നുകൊണ്ട് ജീവന്റെ വഴിയിൽ ഞങ്ങളേയും നയിക്കേണമേ. ഞങ്ങൾക്ക് കൃപയും കാരുണ്യവും ധൈര്യവും ലഭിക്കുന്നതിനും തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്നതിനും മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യേണമേ. ആമ്മേൻ**
>
> *(പാത്രീസ് കോർദേയുടെ സമാപനത്തിലെ പ്രാർത്ഥന)*

### ● ദൈവഹിതത്തെ ശിരസാവഹിച്ചവൻ

ദൈവദൂതനു മുമ്പിൽ ദൈവനിയോഗത്തിന് സമ്മതം അറിയിക്കുന്നതോടെ (ഫിയാത്ത്) അദ്ദേഹം മറിയത്തിന്റെയും ഉണ്ണീശോയുടെയും സംരക്ഷണം ഏറ്റെടുക്കുകയും ദൈവത്തിന്റെ ഹിതം നിറവേറ്റാൻ ലോകത്തെ പഠിപ്പിക്കുകയുമാണ്. ഇന്നത്തെ ലോകത്തിൽ മാനസികവും ശാരീരികവുമായി പീഡിതരാകുന്ന സ്ത്രീകൾക്ക് ആശ്വാസമേകുന്ന പ്രവൃത്തിയാണ് ഉപാധികളൊന്നുമില്ലാതെ മറിയത്തെ ഭാര്യയായി സ്വീകരിക്കുന്നതിലൂടെ യൗസേപ്പ് ലോകത്തിന് നൽകുന്നതെന്ന് ഫ്രാൻസിസ് പാപ്പ അഭിപ്രായപ്പെടുന്നു. ദൈവഹിതത്തിന് കീഴ്വഴങ്ങിയതിലൂടെ ഏറ്റെടുക്കേണ്ടി വന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ യൗസേപ്പിന് സ്ഥൈര്യം നൽകുന്നത് പരിശുദ്ധാത്മാവാണ്. മറ്റുള്ളവരെ അവരായിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുവാനും അബലർക്ക് ആശ്രയമാകുവാനും വിശുദ്ധ യൗസേപ്പ് പ്രചോദനമാണെന്ന് പാപ്പ കൂട്ടിച്ചേർക്കുന്നു.

### ● ധൈര്യത്തിന്റെ ആൾരൂപം

മാർപാപ്പ പറയുന്നു: നസ്രത്തിലെ ആശാരി ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രശ്നങ്ങളെ സാധ്യതകളാക്കി പരിണമിപ്പിക്കാൻ കഴിവുള്ളവനായിരുന്നു. ഇന്നിന്റെ സാഹചര്യത്തിൽ സ്വദേശം വിട്ടൊഴിയേണ്ടി വരുന്ന കുടിയേറ്റക്കാരുടെ മധ്യസ്ഥനായി മാറുകയാണ് അദ്ദേഹം.

### ● തൊഴിലിന്റെ മാഹാത്മ്യം പഠിപ്പിച്ചവൻ

സ്വന്തം അദ്ധ്വാനത്തിന്റെ ഫലമാണ് അത്താഴമേശയിൽ ഒരുങ്ങേണ്ടത് എന്ന് സ്വജീവിതംകൊണ്ട് കാട്ടിത്തന്നവനാണ് യൗസേപ്പിതാവ്. കോവിഡ് –19 പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെടുന്ന ആളുകളുടെ എണ്ണം വർധിക്കുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ മുൻഗണനകളെ തിരുത്താനും സ്റ്റാറ്റസ് നോക്കാതെ ലഭ്യമാകുന്ന ജോലികൾ ഉപജീവനത്തിനായി കണ്ടെത്താനും പ്രോത്സാഹിപ്പിക്കുകയാണ് മാർപാപ്പ.

### ● നിഴലായി നിന്ന് കാവലായവൻ

കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതിലൂടെയല്ല മക്കൾക്ക് കാവലായി കൂടെ നിൽക്കുമ്പോഴാണ് ഒരുവൻ പിതാവാകുന്നത്. ഇന്ന് കാവലായി കൂടെ നിൽക്കുന്ന പിതൃത്വത്തിന്റെ അപര്യാപ്തതയാണ് പുതുതലമുറയുടെ ധാർമ്മികച്യുതിക്ക് കാരണം. മക്കളുടെമേൽ അധികാരം പ്രയോഗിക്കാതെ സ്വയം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് ഒരു പിതാവിന്റെ ധർമ്മമെന്ന് മാർപാപ്പ കൂട്ടിച്ചേർക്കുന്നു.

വിശ്വാസികൾക്ക് പൂർണ്ണദണ്ഡ വിമോചനവും സഭ വാഗ്ദാനം ചെയ്യുന്ന ഈ വർഷാചരണം വഴി മൂന്ന് കാര്യങ്ങൾ ചെയ്യാനാണ് മാർപാപ്പ ആവശ്യപ്പെടുന്നത്.

- യൗസേപ്പിതാവിനെ സ്നേഹിക്കുക
- യൗസേപ്പിതാവിനോട് പ്രാർത്ഥിക്കുക
- യൗസേപ്പിതാവിനെ അനുകരിക്കുക

തയ്യാറാക്കിയത്:
**ഫാ. മാത്യു കൊല്ലംപറമ്പിൽ**












# 'ഫിയെസ്റ്റ 2020' കരോൾ ഗാന മത്സരം തിരുവമ്പാടി ഇടവക ജേതാക്കൾ

**രണ്ടാം സ്ഥാനം: കൂടത്തായി, കല്ലാനോട്** | **മൂന്നാം സ്ഥാനം: പെരിന്തൽമണ്ണ, അശോകപുരം**

**താമരശ്ശേരി:** മലബാർ വിഷനും മിഷൻ ലീഗും സംയുക്തമായി സംഘടിപ്പിച്ച ഫിയെസ്റ്റ കരോൾ ഗാന മത്സരം അഞ്ചാം സീസണിൽ തിരുവമ്പാടി ഇടവക ഒന്നാം സ്ഥാനം കരസ്ഥമാക്കി. മികച്ച നിലവാരം പുലർത്തിയ മത്സരത്തിൽ കൂടത്തായി, കല്ലാനോട് ഇടവകകൾ രണ്ടാം സ്ഥാനവും പെരിന്തൽമണ്ണ, അശോകപുരം ഇടവകകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് യഥാക്രമം 5000, 3000, 2000 രൂപയും പ്രശസ്തിപത്രവും നൽകി.

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ഓൺലൈനായി നടത്തിയ മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നായി മുപ്പതോളം ടീമുകളാണ് പങ്കെടുത്തത്. മത്സരം മികച്ച നിലവാരം പുലർത്തിയെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു.



**ഫിയസ്റ്റ 2020 കരോൾ ഗാന മത്സരത്തിൽ വിജയികളായ തിരുവമ്പാടി സേക്രഡ് ഹാർട് ടീം** *(വീഡിയോ ഫയൽ ചിത്രം)*

# പടത്തുകടവ് ഇടവക ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി

**പടത്തുകടവ്:** ഹോളി ഫാമിലി ഇടവകയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷം കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് രൂപതയുടെ കീഴിൽ 1946–ൽ സ്ഥാപിതമായ പടത്തുകടവ് ഇടവക തലശ്ശേരി രൂപതയുടെ ഭാഗമായിരുന്നു. പിന്നീട് 1986–ൽ താമരശ്ശേരി രൂപത രൂപീകൃതമായപ്പോൾ രൂപതയിലെ അഞ്ചാമത്തെ ഇടവകയായി മാറി.

കുടിയേറ്റ ചരിത്രത്തിൽ പൂർവികർ സമർപ്പിച്ച ജീവൽ ത്യാഗങ്ങൾ എന്നും സ്മരിക്കണമെന്നു വചന സന്ദേശത്തിൽ കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ഓർമ്മിപ്പിച്ചു. പട്ടിണിയും പ്രതികൂല സാഹചര്യങ്ങളും ത്യാഗത്തിലൂടെ അതിജീവിച്ച് അവർ പടുത്തുയർത്തിയതാണ് ഇന്നത്തെ വികസനോന്മുഖ മലയോര കുടിയേറ്റ കേന്ദ്രങ്ങൾ. വിശ്വാസം, സ്നേഹം, പ്രത്യാശ എന്നിവയിലൂന്നിയാണ് പൂർവികർ ജീവിതത്തെ മുന്നോട്ടു നയിച്ചത്. ഇതു മാതൃകയാക്കി വരുംകാലതലമുറയ്ക്ക് പകർന്നു നൽകുവാൻ ഇന്നത്തെ മാതാപിതാക്കൾ സന്നദ്ധരാകണം. സ്നേഹത്തിലൂന്നിയ വിശ്വാസം മുറുകെപ്പിടിച്ച് ഒരുമയോടെ ജീവിക്കുന്നതാണു നല്ല കുടുംബ ജീവിതത്തിന്റെ അടിസ്ഥാനമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

ബിഷപ്പിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ പടത്തുകടവ് ഇടവകയിലെ 23 കുട്ടികൾ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം നടത്തി. വികാരി ഫാ. ജോസഫ് വടക്കേൽ, മുൻവികാരി ഫാ. ആന്റണി ചെന്നിക്കര എന്നിവർ സഹകാർമ്മികത്വം വഹിച്ചു.



**പടത്തുകടവ് തിരുക്കുടുംബ ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ കോഴിക്കോട് രൂപത ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോസഫ് വടക്കേൽ, ഫാ. ആന്റണി ചെന്നിക്കര എന്നിവർ സമീപം**

# കെഎൽഎം സുരക്ഷ പദ്ധതി


**താമരശ്ശേരി:** കേരള ലേബർ മൂവ്മെന്റ് നടപ്പിലാക്കുന്ന മരണാനന്തര സഹായ നിധിയിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുവാൻ ആരംഭിച്ചു. മരണാനന്തര സഹായനിധിയിലെ അംഗങ്ങൾ മരണമടഞ്ഞ് കഴിയുമ്പോൾ ഉടൻ തന്നെ സംസ്കാര ശുശ്രൂഷകൾക്കായി 25,000 രൂപ ചേരുന്ന വ്യക്തിയുടെ നോമിനിക്ക് നല്കുന്ന പദ്ധതിയാണിത്. ഇതിൽ അംഗമായി ചേരുന്നവർ ആദ്യ വർഷം 250 രൂപയും തുടർ വർഷങ്ങളിൽ 200 രൂപയുമാണ് വർഷത്തിൽ ഒരു തവണ സംഭാവനയായി നല്കേണ്ടത്. ചേർന്ന് 6 മാസത്തിനു ശേഷം സംഭവിക്കുന്ന സ്വാഭാവിക മരണങ്ങൾക്കാണ് ധനസഹായം നൽകുന്നത്. അപകട മരണമാണെങ്കിൽ 6 മാസത്തിനു മുമ്പും തുക നൽകും. 70 വയസ്സു വരെ പ്രായമുള്ള അംഗങ്ങൾക്ക് ഇതിൽ അംഗങ്ങളായി ചേരാവുന്നതാണ്. മരണം വരെ അവർക്ക് തുടർന്ന് അടക്കാവുന്നതാണ്. ഒരു കുടുംബത്തിലെ എത്ര പേർക്കു വേണമെങ്കിലും പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പദ്ധതിയിൽ അംഗങ്ങളായവരുടെ 10, പ്ലസ്‌വൺ, പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു കുട്ടിക്ക് 90% ത്തിൽ കൂടുതൽ മാർക്കുണ്ടെങ്കിൽ സ്കോളർഷിപ്പ് നല്കുന്നതാണ്.

**5–ാം ചരമ വാർഷികം**
**(08–01–2021)**



**മെറിൻ സന്തോഷ്**

**13–ാം ചരമവാർഷികം**
**(23–01–2021)**



**സ്റ്റീഫൻ തോമസ്**

**പൈങ്ങോട്ട്, മൈലള്ളാംപാറ**

**പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ**

**25–ാം ചരമ വാർഷികം**
**(22–02–2021)**



**വർക്കി ദേവസ്യ**
**ചേർക്കാപ്പുഴ**

**6–ാം ചരമവാർഷികം**
**(06–02–2021)**



**അന്നക്കുട്ടി ദേവസ്യ**
**(ചേനാപ്പറമ്പിൽ കുന്നേൽ കുടുംബാംഗം)**

**പ്രാർത്ഥനയോടെ ചേർക്കാപ്പുഴ കുടുംബാംഗങ്ങൾ**

## അറിയിപ്പ്

● കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ മലബാർ വിഷൻ വിതരണത്തിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് 2021–ൽ ദ്വൈമാസ പതിപ്പായിട്ടാണ് (രണ്ടു മാസത്തിൽ ഒരിക്കൽ) പ്രസിദ്ധീകരിക്കുക. വാർഷിക വരിസംഖ്യ 50 രൂപയായി കുറച്ചിട്ടുണ്ട്.

● 2020ൽ ചിലയിടങ്ങളിൽ വിതരണത്തിൽ കാലതാമസം നേരിട്ടതുകൊണ്ട് പല മത്സരാർത്ഥികൾക്കും സമയബന്ധിതമായി ക്വിസ് കോർണർ ഉത്തരങ്ങൾ അയയ്ക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. ആയതിനാൽ 'ക്വിസ് കോർണർ ബംപർ സമ്മാന പദ്ധതി' 2022ലേക്ക് മാറ്റി വച്ചിരിക്കുന്നു. 2020ൽ എല്ലാ ലക്കങ്ങളിലെയും ചോദ്യങ്ങൾക്ക് ശരിയുത്തരം അയച്ചവരുടെ പേരുകൾ മാർച്ച്–ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതും സമ്മാനങ്ങൾ നൽകുന്നതുമാണ്.

● 2021 ജനുവരി മുതൽ ക്വിസ് കോർണറിലെ ചോദ്യങ്ങൾ അതാത് ലക്കത്തിലെ പംക്തികളിൽ നിന്നുള്ളവയായിരിക്കും. വായനക്കാരുടെ നിർദ്ദേശത്തെ പരിഗണിച്ചുകൊണ്ടാണ് ഈയൊരു തീരുമാനമെടുത്തിരിക്കുന്നത്.

● 2021 ജനുവരി മുതൽ മലബാർ വിഷൻ മാട്രിമോണിയൽ പരസ്യങ്ങൾ വരിക്കാരുടെ ആവശ്യപ്രകാരം ഫോട്ടോയോടുകൂടിയാണ് പ്രസിദ്ധീകരിക്കുന്നത്. ഒരു തവണ പരസ്യം നൽകുന്നതിന് 1000 രൂപയും രണ്ടു ലക്കങ്ങളിൽ തുടർച്ചയായി നൽകുന്നതിന് 1500 രൂപയുമാണ് പരസ്യ നിരക്ക്. പരസ്യത്തിനുള്ള വിശദാംശങ്ങളും പാസ്പോർട്ട് സൈസ് ഫോട്ടോയും 9744995553 എന്ന നമ്പറിൽ വാട്സാപ്പ് ചെയ്താൽ മതിയാകും.

**ചീഫ് എഡിറ്റർ,**
മലബാർ വിഷൻ

## നേട്ടം



● ബിഎസ്സി റേഡിയേഷൻ തെറാപ്പിയിൽ നാലാം റാങ്ക് നേടിയ (രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി, ബാംഗ്ലൂർ) ഡെൽന ജോസ്. ചെമ്പനോട തോട്ടുംകര ജോസ്– സിജി ദമ്പതികളുടെ മകൾ. മാംഗ്ലൂർ എജെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലാണ് പഠനം പൂർത്തിയാക്കിയത്.



● ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേയ്സ് സയൻസ് ആന്റ് ടെക്നോളജിയിൽ നിന്ന് എയ്റോ സ്പേയ്സ് എൻജിനീയറിങ്ങിൽ മികച്ച വിജയം നേടിയ സബിൻ കുര്യൻ. പുല്ലൂരാംപാറ തുണ്ടത്തിൽ ടി. ടി. കുര്യൻ – മേഴ്സി മൈക്കിൾ ദമ്പതികളുടെ മകനാണ്. ബാംഗ്ലൂരിലെ ഹ്യൂമൻ സ്പേയ്സ് ഫ്ളൈറ്റ് സെന്ററിൽ സയന്റിസ്റ്റായി ജോലിയിൽ പ്രവേശിച്ചു.



● ഏഷ്യയിൽ നിന്ന് സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ 20 വ്യക്തികളുടെ പേരുകൾ കടലാസ് പെൻസിലിന്റെ ലെഡിൽ കൊത്തിയെടുത്ത് ഏഷ്യൻ ബുക്ക് ഓഫ് റെക്കോഡ്സ്, ഇന്ത്യൻ ബുക്ക് ഓഫ് റെക്കോഡ്സ് എന്നിവയിൽ ഇടം നേടിയ നിഥിൻ ഡൊമിനിക്. കൂരാച്ചുണ്ട് ഇടവക ആനിക്കാട്ട് ടോമി – ഷൈനി ദമ്പതികളുടെ മകൻ. മംഗലാപുരം കനച്ചൂർ കോളേജ് ഓഫ് ഫിസിയോ തെറാപ്പിയിൽ ബിരുദ വിദ്യാർത്ഥിയാണ്.

# രൂപതയ്ക്ക് ആറ് നവവൈദികർ



### ഫാ. ജോസഫ് അന്തീനാട്ട്

കരിങ്ങാട് അന്തീനാട്ട് ജോസഫ് – ക്ലാരമ്മ ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. കോടഞ്ചേരി സെന്റ് മേരീസ് ഫൊറോന ഇടവകയിൽ അസി. വികാരിയായി നിയമിതനായിരിക്കുകയാണ് ഇപ്പോൾ.



### ഫാ. ജോസഫ് കിളിയൻപറമ്പിൽ

മാലാപറമ്പ് കിളിയംപറമ്പിൽ ഫിലിപ്പ് – ലൈസാമ്മ ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

കുന്നോത്ത് ഗുഡ്ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. മരുതോങ്കര സെന്റ് മേരീസ് ഫൊറോന ഇടവകയിൽ അസി. വികാരിയായി നിയമിതനായിരിക്കുകയാണ് ഇപ്പോൾ.



### ഫാ. തോമസ് കുടിയിരിക്കൽ

ചമൽ കുടിയിരിക്കൽ ബേബി – വൽസ ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

കുന്നോത്ത് ഗുഡ്ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. പുല്ലൂരാംപാറ സെന്റ്. ജോസഫ് ഇടവകയിൽ അസി. വികാരിയായി നിയമിതനായിരിക്കുകയാണ് ഇപ്പോൾ.



### ഫാ. മാത്യു പനച്ചിക്കൽ

കൂരാച്ചുണ്ട് പനച്ചിക്കൽ ആഗസ്തി – ഷീല ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

മംഗലപ്പുഴ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും വടവാതൂർ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തുകയാണിപ്പോൾ. 2021 മാർച്ചിൽ ബിരുദാനന്തര ബിരുദ പഠനം പൂർത്തിയാകും.



### ഫാ. അബ്രഹാം സ്രാമ്പിക്കൽ

കൂരാച്ചുണ്ട് സ്രാമ്പിക്കൽ തങ്കച്ചൻ – മേരി ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും കുന്നോത്ത് ഗുഡ്ഷെപ്പേഡ് മേജർ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. ചേവായൂർ നിത്യസഹായ മാതാ ഇടവകയിൽ അസി. വികാരിയായി നിയമിതനായിരിക്കുകയാണ് ഇപ്പോൾ.



### ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ

കോടഞ്ചേരി തെക്കേക്കരമറ്റത്തിൽ ജോൺ –സെല്ലി ദമ്പതികളുടെ മകൻ. 2020 ഡിസംബർ 26ന് ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

പൂനെ പേപ്പൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രവും വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രവും പൂർത്തിയാക്കി. തിരുവമ്പാടി സേക്രഡ് ഹാർട്ട് ഫൊറോന ഇടവകയിൽ അസി. വികാരിയായി നിയമിതനായിരിക്കുകയാണ് ഇപ്പോൾ.

## പടത്തുകടവ് ഇടവകയുടെ പ്രാർത്ഥനാശംസകൾ !



പടത്തുകടവ് ഇടവകയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് നടന്ന കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ചടങ്ങിൽ മുഖ്യകാർമ്മികൻ ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കൽ, മുൻ വികാരി ഫാ. ആന്റണി ചെന്നിക്കര, വികാരി ഫാ. ജോസഫ് വടക്കേൽ എന്നിവർ കുട്ടികളോടൊപ്പം

ADVT

# കെസിവൈഎം സംസ്ഥാന കലോത്സവം: താമരശ്ശേരി രൂപത ജേതാക്കൾ

**താമരശ്ശേരി:** കേരളത്തിലെ 32 രൂപതകൾ മാറ്റുരച്ച കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ (ഉത്സവ് 2020) താമരശ്ശേരി രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. രണ്ടാം സ്ഥാനം നേടിയ ഇരിങ്ങാലക്കുട രൂപതയേക്കാൾ 40 പോയിന്റ് അധികം നേടിയാണ് രൂപതയുടെ ചരിത്രനേട്ടം. തൃശ്ശൂർ അതിരൂപത മൂന്നാം സ്ഥാനം നേടി.

ഇരിങ്ങാലക്കുട ബിഎൽഎം സെന്ററിൽ നടന്ന ചടങ്ങിൽ ഇരിങ്ങാലക്കുട രൂപതാ ബിഷപ് മാർ പോളി കണ്ണൂക്കാടനിൽ നിന്നും വിജയികൾക്കുള്ള ട്രോഫി താമരശേരി രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, ജനറൽ സെക്രട്ടറി അഭിലാഷ് കുടിപ്പാറ, സംസ്ഥാന സിൻഡിക്കേറ്റ് അംഗം തേജസ് മാത്യു സംസ്ഥാന സെനറ്റ് അംഗം ടിബിൻ അഗസ്റ്റിൻ, എന്നിവർ ഏറ്റുവാങ്ങി.

വിജയികളായവർ ചുവടെ:

**പ്രസംഗം** – ഒന്നാം സ്ഥാനം: സിന്റില സാന്റേഴ്സ് കാരിക്കുഴിയിൽ (മഞ്ഞുവയൽ).

**ഷോർട്ട് ഫിലിം** – ഒന്നാം സമ്മാനം: അമൽ ആൻഡ് ടീം, (മഞ്ഞക്കടവ്).

**സംഘഗാനം** – ഒന്നാം സ്ഥാനം: മരിയ & ടീം (വിലങ്ങാട്).

**ലളിതഗാനം (പെൺ)** – രണ്ടാം സ്ഥാനം: ജിക്കി എം റോയ് മാലിയിൽ (പുല്ലൂരാംപാറ).

**ലളിതഗാനം (ആൺ)** – രണ്ടാം സ്ഥാനം: ആൽബിൻ രാജു തൈവേലിക്കകത്ത് (മരുതോങ്കര).

**മിമിക്രി** – രണ്ടാം സ്ഥാനം: ജെറിഷ് ടി. എ തൈപ്പറമ്പിൽ (ചെമ്പുകടവ്).

**നാടോടിനൃത്തം** (ആൺ) – മൂന്നാം സ്ഥാനം: ഷെറിൻ ജോർജ് പാലക്കപ്പിള്ളിൽ (കുണ്ടുതോട്).

**കാർട്ടൂൺ** – ഒന്നാം സ്ഥാനം: നിർമ്മൽ ദേവസ്യ കൊല്ലിച്ചിറയിൽ (കൂടത്തായി).

**മുദ്രാവാക്യം** – രണ്ടാം സ്ഥാനം: ടോണി അഗസ്റ്റിൻ പനച്ചിക്കൽ (കൂരാച്ചുണ്ട്).

**കവിത രചന** – രണ്ടാം സ്ഥാനം: അക്ഷര സജി കാപ്പിൽ (ചെമ്പനോട).

**നോട്ടീസ് രചന** – രണ്ടാം സ്ഥാനം: ചിപ്പി മാത്യു കുന്നപ്പിള്ളി (കുണ്ടുതോട്).

**ഉപന്യാസം** – മൂന്നാം സ്ഥാനം: അൽഫോൻസ പുളിക്കൽ (പശുക്കടവ്).



**ഉത്സവ് 2020 ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി ഇരിങ്ങാലക്കുട രൂപതാ ബിഷപ് മാർ പോളി കണ്ണൂക്കാടനിൽ നിന്നും രൂപതാ പ്രസിഡന്റ് വിശാഖ് തോമസ്, അഭിലാഷ് കുടിപ്പാറ, തേജസ് മാത്യു,ടിബിൻ അഗസ്റ്റിൻ എന്നിവർ ഏറ്റുവാങ്ങുന്നു**

## ഭവന സമുച്ചയം ഒരുക്കി ചേവായൂർ ഇടവക

**ചേവായൂർ:** ഇടവകയിലെ നിർധനരായ മൂന്ന് കുടുംബങ്ങൾക്ക് ഭവനം ഒരുക്കി നൽകി ചേവായൂർ ഇടവക മാതൃകയായി. ചേവായൂർ വില്ലിഗൾ–കോട്ടക്കുന്ന് റോഡിൽ ഗ്യാസ് ഗോഡൗണിന് സമീപം വാങ്ങിയ 3.50 സെന്റ് സ്ഥലത്ത് മൂന്ന് നിലകളിലായാള്ള ഭവന സമുച്ചയം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ആശീർവദിച്ച് താക്കോൽ ദാനം നിർവ്വഹിച്ചു.

സ്ഥലം ഉൾപ്പടെ 50 ലക്ഷത്തിൽ അധികം രൂപയാണ് ചിലവായത്. പൂർണ്ണമായും ചേവായൂർ ഇടവകാംഗങ്ങൾ നൽകിയ സംഭാവനകൾ സമാഹരിച്ചാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയത്. ഇതോടെ ചേവായൂർ 'ഇടവകയിൽ എല്ലാവർക്കും ഭവനം' എന്ന സ്വപ്നമാണ് സാക്ഷാത്ക്കരിക്കപ്പെടുന്നത് എന്ന് വികാരി ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ പറഞ്ഞു.





**കോഴിക്കോട് മേയറായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ബീന ഫിലിപ്പിനും കോർപ്പറേഷൻ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതാംഗം ഡോ. അൽഫോൻസാ മാത്യുവിനും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ താമരശ്ശേരി രൂപതയും അശോകപുരം ഇൻഫന്റ് ജീസസ് ഇടവകയും സംയുക്തമായി സംഘടിപ്പിച്ച സ്വീകരണം. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉപഹാരം നൽകി ആദരിക്കുന്നു**

## ക്രൈസ്തവ സമുദായ പിന്നാക്കാവസ്ഥ പഠിക്കാൻ സാമുദായിക സർവ്വേ

**താമരശ്ശേരി:** കേരള ക്രൈസ്തവ സമൂഹത്തിന്റെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥയും, സാമൂഹിക ക്ഷേമ പ്രശ്നങ്ങളും പഠിക്കാനായി ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായ കമ്മീഷനെ കേരള സർക്കാർ നിയമിച്ചു. പ്രസ്തുത കമ്മീഷൻ 2020 മാർച്ച് മാസത്തിൽ പഠനത്തിന്റെ ഭാഗമായി ജില്ല/ മേഖലാതല സിറ്റിങ്ങുകൾ നടത്തും. ക്രൈസ്തവ സമുദായത്തിന്റെ പിന്നാക്കാവസ്ഥയെ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ സർക്കാരിന്റെ മുമ്പിൽ എത്തിക്കാൻ ഉള്ള അവസരം വിനിയോഗിക്കാൻ താഴെപറയുന്ന ക്രമീകരണങ്ങൾ സഹായിക്കും.

● സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ തൃശ്ശൂർ അതിരൂപത റിസർച്ച് & സ്റ്റഡി ഡിപ്പാർട്ട്മെന്റായ പറോക് (PAROC) ന്റെ സഹായത്തോടെ കേരളത്തിലെ 13 രൂപതകളിൽ 7500 കുടുംബങ്ങളെ ഉൾപ്പെടുത്തികൊണ്ട് സാമ്പിൾ സ്റ്റഡി നടത്തി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നു. താമരശ്ശേരി രൂപതയിലെ തെരഞ്ഞെടുക്കപ്പെട്ട 6 ഇടവകകളിലെ 305 കുടുംബങ്ങളിൽ ഈ സാമ്പിൾ സ്റ്റഡി കണക്കെടുപ്പ് നടക്കുന്നതാണ്.

● തലശ്ശേരി അതിരൂപത, മാനന്തവാടി, താമരശ്ശേരി രൂപതകൾ ചേർന്ന് രൂപതകളിലെ മുഴുവൻ കുടുംബങ്ങളുടെ സാമ്പത്തിക, സാമൂഹിക ക്ഷേമ വിവരങ്ങൾ, കാർഷിക, വന്യജീവി, ഭൂമി സംബന്ധമായ പ്രശ്നങ്ങൾ, വിദ്യാഭ്യാസപരമായ പ്രതിസന്ധികൾ, അടിസ്ഥാന വിവരങ്ങൾ എന്നിവ സാമുദായിക സർവേയിലൂടെ ഫെബ്രുവരി–മാർച്ച് മാസങ്ങളിലായി ശേഖരിച്ച് കൂടുതൽ വ്യക്തമായ റിപ്പോർട്ട് കമ്മീഷനു മുമ്പിൽ സമർപ്പിക്കാൻ ഒരുങ്ങുന്നു. താമരശ്ശേരി രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും മേൽപ്പറഞ്ഞ സാമുദായിക സർവ്വേ ഫെബ്രുവരി മാസത്തിൽ നടത്തുന്നതാണ്.

● ഇടവകകളുടെ നേതൃത്വത്തിലും, വിവിധ സംഘടനകളുടെ നേതൃത്വത്തിലും നിവേദനങ്ങളും പരാതികളും പ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കമ്മീഷന് മുമ്പിൽ സമർപ്പിക്കാവുന്നതാണ്.

● വ്യക്തിപരമായി കുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ (ഉദാ: വന്യമൃഗശല്യം, കൃഷിനാശം, പട്ടയഭൂമി പ്രശ്നങ്ങൾ) കേസ് സ്റ്റഡി രൂപത്തിൽ കമ്മീഷനു മുൻപിൽ സമർപ്പിക്കാവുന്നതാണ്.

രൂപതാതലത്തിലും ഫൊറോനാതലത്തിലും വിദഗ്ധ സമിതിയെ തിരഞ്ഞെടുത്ത് സർവ്വേയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തിവരുന്നു.

## ഫിലിപ് നേരി സന്യാസിനീ സമൂഹം രൂപതാ പദവിയിലേക്ക്

**പുതുപ്പാടി:** പുതുപ്പാടി കേന്ദ്രമായി പ്രവർത്തിക്കുന്ന ഫിലിപ്പ് നേരി സന്യാസിനി സമൂഹത്തെ രൂപതാ പദവിയുള്ള സ്വതന്ത്ര സന്യാസിനീ സമൂഹമായി പരിശുദ്ധ സിംഹാസനം ഉയർത്തി. ഇനി മുതൽ ഫിലിപ്പ് നേരി സിസ്റ്റേഴ്സ് ഓഫ് താമരശ്ശേരി എന്ന പേരിലായിരിക്കും അറിയപ്പെടുക.

2021ന് ജനുവരി ആറിന് ദനഹാ തിരുനാളിൽ പുതുപ്പാടി സെന്റ് ജോർജ് ദൈവാലയത്തിൽ വച്ചു നടന്ന വിശുദ്ധ കുർബാന മധ്യേ ഇതു സംബന്ധിച്ച പ്രഖ്യാപനം കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കലിന്റെ സാന്നിധ്യത്തിൽ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നടത്തി.

ഫെബ്രുവരി 11 മുതൽ 13 വരെ കോൺഗ്രിഗേഷന്റെ പ്രഥമ ജനറൽ ചാപ്റ്റർ നടത്തുമെന്ന് ഡെലഗേറ്റ് സുപ്പീരിയർ സിസ്റ്റർ സിൽവിയ എസ്എഫ്എൻ പറഞ്ഞു.

# ജീവിതം എല്ലാവർക്കുമുള്ള സമ്മാനമാക്കി മാറ്റണം: ഫ്രാൻസിസ് മാർപാപ്പ



ഫാ. ജോസഫ് കളത്തിൽ

നമ്മുടെ ജീവിതം എല്ലാവർക്കുമുള്ള സമ്മാനമാക്കി മാറ്റണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. പരിശുദ്ധ അമ്മയിലൂടെ നൽകപ്പെട്ട മിശിഹായുടെ ശൈലികൾ ജീവിതത്തിൽ അവലംബിച്ച് ഇപ്രകാരം സമ്മാനമായി മാറ്റണമെന്ന് ഗാഡലൂപ്പെ മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടത്തിയ ദിവ്യബലിയിൽ സംസാരിക്കുകയായിരുന്ന പാപ്പ പറഞ്ഞു. ദാനം, സമൃദ്ധി, അനുഗ്രഹം തുടങ്ങിയ ദൈവിക ഗുണങ്ങൾ പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നുണ്ടെന്ന് പാപ്പ ഓർമിപ്പിച്ചു.

തന്നെ സമൃദ്ധമായി നൽകുന്നവനാണ് ദൈവം. സ്വയം ദാനമായി അവിടുന്ന് തന്നെത്തന്നെ നമുക്ക് നൽകി. സ്ത്രീകളിൽ ഭാഗ്യവതിയായ പരിശുദ്ധ അമ്മയിലൂടെയാണ് നമുക്ക് അവിടുത്തെ ലഭിച്ചത്. ഈശോയെന്ന ദാനം നമുക്ക് നൽകിയ ദിവ്യപാത്രമാണ് പരിശുദ്ധ അമ്മ. അതുതന്നെയാണ് യഥാർത്ഥത്തിൽ നമുക്ക് ദൈവം നൽകുന്ന ഏറ്റവും വലിയ അനുഗ്രഹം. പരിശുദ്ധ അമ്മയിലൂടെ നമുക്ക് നൽകപ്പെട്ട മിശിഹായുടെ ശൈലികൾ നാം അവലംബിക്കണമെന്ന് പാപ്പ ഓർമിപ്പിച്ചു.

സമൃദ്ധമായി നൽകുകയും ദാനം ചെയ്യുകയും അനുഗ്രഹിക്കുകയും ഒരിക്കലും ശപിക്കാത്തതുമായ ദൈവത്തിന്റെ ശൈലികൾ നാം സ്വീകരിക്കണം. ഇപ്രകാരം നമ്മുടെ ജീവിതത്തെ എല്ലാവർക്കും നൽകാൻ കഴിയുന്ന ഒരു സമ്മാനമാക്കി മാറ്റാൻ സാധിക്കുമെന്ന് പാപ്പ ഉദ്ബോധിപ്പിച്ചു.


## "പാപ്പയുടെ സന്ദർശനം ധൈര്യവും പ്രത്യാശയും പകരും"



● ഫ്രാൻസിസ് പാപ്പയുടെ ഇറാഖ് പര്യടനം വിശ്വാസത്തെ പ്രതി പീഡനം അനുഭവിക്കുന്ന മിഡിൽ ഈസ്റ്റിലെ ക്രൈസ്തവ സമൂഹത്തിന് ധൈര്യവും പ്രത്യാശയും പകരുമെന്ന് ബാബിലോണിലെ കാൽഡിയൻ സഭ പാത്രിയാർക്കീസ് കർദ്ദിനാൾ ലൂയീസ് റാഫേൽ സാക്കോ. 2021 മാർച്ച് 5 മുതൽ 8 വരെയാണ് മാർപാപ്പയുടെ ഇറാഖ് സന്ദർശനം. രാജ്യത്തെ ജനങ്ങൾ വലിയ വെല്ലുവിളികൾ നേരിടുന്ന ഘട്ടത്തിൽ പാപ്പയുടെ സന്ദർശനത്തിന് വലിയ പ്രസക്തിയുണ്ടെന്ന് കർദ്ദിനാൾ ചൂണ്ടിക്കാട്ടി. ഇറാഖിൽ മാത്രമല്ല സിറിയ, ലബനോൻ തുടങ്ങിയ പീഡനമേൽക്കുന്ന രാജ്യങ്ങളിലും പാപ്പയുടെ സന്ദേശം രാജ്യങ്ങളിലെ പൗരന്മാർക്ക് തങ്ങളുടെ രാജ്യങ്ങളിൽ തുടരാനും പ്രത്യാശയോടെ പിടിച്ചു നിൽക്കാനും വലിയ ശക്തി നൽകുമെന്ന പ്രതീക്ഷയും കർദിനാൾ പങ്കുവച്ചു.

2003ൽ 15 ലക്ഷത്തോളം ക്രൈസ്തവർ ഉണ്ടായിരുന്ന ഇറാഖിൽ ഇപ്പോൾഉള്ളത് നാലിലൊന്ന് ക്രൈസ്തവർ മാത്രമാണ്. സുരക്ഷാ ഭീഷണിയാണ് ക്രൈസ്തവരെ‌ഇറാഖ് വിടാൻ പ്രേരിപ്പിക്കുന്നത്.

## "മരണം ജീവിതത്തിന്റെ അന്ത്യമല്ല"



● മരണം വിശ്വാസിയെ സംബന്ധിച്ച് ജീവിതാന്ത്യമല്ലെന്നും മറിച്ച് മനുഷ്യർക്കിടയിലുള്ള സകല വ്യത്യാസങ്ങളുടെയും അനീതികളുടെയും അന്ത്യമാണെന്നും പേപ്പൽ ധ്യാനഗുരുവായ കർദിനാൾ റെനിയേരോ കന്തലമെസ ചൂണ്ടിക്കാട്ടി. മരണത്തിനു ശേഷം നിത്യജീവിതം വിശ്വാസിയെ കാത്തിരിപ്പുണ്ടെന്ന് അദ്ദേഹം ഓർമിപ്പിച്ചു. ഫ്രാൻസിസ് പാപ്പയ്ക്കും വത്തിക്കാൻ കൂരിയാ അംഗങ്ങൾക്കുംവേണ്ടി നടത്തിയ ആഗമനകാലധ്യാനത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. 'മരണം ജന്മനാ പിടിപെടുന്ന മാരകരോഗമാണ്' എന്ന സഭാപിതാവായ വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ കർദിനാൾ അനുസ്മരിച്ചു. ഈ സത്യം മികച്ച ജീവിതം നയിക്കാൻ നമ്മെ പ്രേരിപ്പിക്കണം. ഈ ലോകജീവിതത്തിൽ ആശ്രയം വയ്ക്കാതെ നിത്യജീവിതം എന്ന ലക്ഷ്യത്തോടെയാവണം നമ്മുടെ ജീവിതം. തങ്ങളും ഒരിക്കൽ മരിക്കേണ്ടിവരുമെന്ന് അക്രമികളും മർദകരും ചിന്തിച്ചിരുന്നെങ്കിൽ അനേകം യുദ്ധങ്ങളും ക്രൂരതകളും ഒഴിവാക്കാൻ സാധിക്കുമായിരുന്നെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

## ക്രൂരപീഡനത്തിലും വിശ്വാസം നെഞ്ചോട് ചേർത്ത് ഫാ. ലിയു



● 17 ദിവസത്തോളം ചൈനീസ് പട്ടാളത്തിന്റെ ക്രൂരപീഡനം നേരിടേണ്ടി വന്നിട്ടും കത്തോലിക്കാ സഭയെ തള്ളിപ്പറയാൻ തയ്യാറാകാത്ത വൈദികനെകുറിച്ചുള്ള സാക്ഷ്യം ശ്രദ്ധേയമാകുന്നു. ക്രൂരമായി പീഡിപ്പിച്ചിട്ടും കത്തോലിക്കാസഭയെ തള്ളിപ്പറയാത്ത ഫാ. ലിയുവിനെ കഴിഞ്ഞ സെപ്റ്റംബർ 18നാണ് മോചിപ്പിച്ചത്. ഡാലു എന്ന മുൻ ചൈനീസ് പത്രപ്രവർത്തകനാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തത്.

സെപ്റ്റംബർ ഒന്നിന് ചൈനീസ് പട്ടാളം അറസ്റ്റ് ചെയ്ത ഫാ. ലിയുവിനോട് അവർ ആവശ്യപ്പെട്ടത് ചൈനീസ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പേട്രിയോട്ടിക്ക് സഭയിൽ ചേരണം എന്നായിരുന്നു. എന്നാൽ ആ ആവശ്യം അദ്ദേഹം അംഗീകരിച്ചില്ല. കഠിനവും പ്രാകൃതവുമായ മർദനമുറകളായിരുന്നു തടവിൽ ഫാ. ലിയു നേരിടേണ്ടി വന്നത്. 17 ദിവസത്തോളം തുടർച്ചയായ പീഡനങ്ങൾക്ക് അദ്ദേഹത്തെ വിധേയനാക്കിയെങ്കിലും തന്റെ തീരുമാനത്തിൽ ഉറച്ചുനിന്ന അദ്ദേഹത്തെ ഒടുവിൽ ചൈനീസ് പട്ടാളം മോചിപ്പിക്കുകയായിരുന്നു.

## ക്രൈസ്തവ പീഡനം: നൈജീരിയ ഗുരുതര രാജ്യം



● ക്രൈസ്തവ വിരുദ്ധ പീഡനങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന നൈജീരിയയെ മതസ്വാതന്ത്ര്യം ഗുരുതരാവസ്ഥയിലായ രാജ്യങ്ങളുടെ പട്ടികയിൽ യു എസ് സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടുത്തി. മതസ്വാതന്ത്ര്യ നിഷേധം ഏറ്റവും ഗുരുതരമായ 10 രാജ്യങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ 'Countries of Particular Concern' പട്ടികയിലാണ് നൈജീരിയയെ ഉൾപ്പെടുത്തിയത്. ഒരു മതേതര-ജനാധിപത്യരാജ്യം ഈ പട്ടികയിൽ ഉൾപ്പെടുന്നത് ആദ്യമായാണ്.

കടുത്ത മതസ്വാതന്ത്ര്യ ലംഘനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്ന രാജ്യങ്ങളെയാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബർമ്മ, ചൈന, എറിത്രിയ, ഇറാൻ, ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ളിക്ക് ഓഫ് കൊറിയ, പാക്കിസ്ഥാൻ, സൗദി അറേബ്യ, തുർക്ക്മെനിസ്ഥാൻ, താജിക്കിസ്ഥാൻ എന്നിവയാണ് ഈ പട്ടികയിൽ ഇടംപിടിച്ച മറ്റ് രാജ്യങ്ങൾ. കൊമോറോസ്, ക്യൂബ, നിക്കരാഗ്വ, റഷ്യ എന്നീ രാഷ്ട്രങ്ങളെ പ്രത്യേക നിരീക്ഷണ പട്ടികയിലാണ് യു എസ് ഉൾപ്പെടുത്തിയിരിക്കുന്നത്.

41-ാം ചരമദിനം
06-02-2021



അന്നമ്മ മാത്യു
പെരിഞ്ചേരിൽ, ആനക്കാംപൊയിൽ
പ്രാർത്ഥനയോടെ സന്തപ്തകുടുംബാംഗങ്ങൾ

35-ാം ചരമ വാർഷികം
13-02-2021



ത്രേസ്യാമ്മ ടീച്ചർ
ചീരാംകുഴിയിൽ, ഈങ്ങാപ്പുഴ
പ്രാർത്ഥനയോടെ സന്തപ്തകുടുംബാംഗങ്ങൾ

2-ാം ചരമ വാർഷികം
03-02-2021



അബ്രഹാം തടത്തിൽ
മരുതോങ്കര
ജനനം: 05-07-1938 മരണം 03-02-2019
സന്തപ്ത കുടുംബാംഗങ്ങൾ

# വൈദികർക്ക് ഒരു ദിവസം എത്ര കുർബാന അർപ്പിക്കാം?



റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ

ഒരു വൈദികന് ഒരു ദിവസം എത്ര പ്രാവശ്യം വിശുദ്ധ കുർബാനയർപ്പിക്കാമെന്നാണ് സഭാനിയമം പറയുന്നത്? അത്യാവശ്യഘട്ടങ്ങളിൽ ഈ നിയമത്തിൽ മാറ്റം വരുത്തുവാൻ ആർക്കാണ് അധികാരം? ഒന്നു വ്യക്തമാക്കാമോ?

**മനു പേരാമംഗലം**

● പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന കൂദാശകളായ പൗരോഹിത്യത്തെയും വിശുദ്ധ കുർബാനയെയും സംബന്ധിക്കുന്ന ചോദ്യമാണിത്. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, കുർബാനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം സർക്കാർ പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, കൂടുതൽ കുർബാനകൾ അർപ്പിക്കുക എന്ന പ്രായോഗിക പരിഹാരത്തിന്റെ പ്രായോഗവൽക്കരണത്തിലാണ് ഈ ചോദ്യം പ്രസക്തമാകുന്നത്. കൂടുതൽ കുർബാനകൾ അർപ്പിക്കാൻ വൈദികർ ഇല്ലാതെവരുന്ന സാഹചര്യത്തിൽ ഒരു വൈദികന് ഒരു ദിവസം പരമാവധി എത്ര കുർബാനവരെ അർപ്പിക്കാൻ സാധിക്കുമെന്ന ചോദ്യം സ്വാഭാവികമായി ഉയരുന്നതാണ്.

ഒരു കാര്യം ആദ്യമേതന്നെ വ്യക്തമാക്കേണ്ടതുണ്ട്. തിരുപ്പട്ടം സാധുവായി സ്വീകരിച്ച ഒരു വൈദികൻ സഭ നിശ്ചയിച്ചിരിക്കുന്ന ക്രമത്തിൽ എപ്പോൾ വിശുദ്ധ കുർബായർപ്പിച്ചാലും അതു സാധുവായ (Valid) കൂദാശയായിരിക്കും. വിശുദ്ധ കുർബാനയർപ്പണത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്ന നിയമങ്ങൾ വിശുദ്ധ കുർബാനയുടെ നിയമാനുസൃതമായ (Licit) അർപ്പണത്തെ സംബന്ധിച്ചുള്ളത് മാത്രമാണ്.

രക്ഷാകര രഹസ്യത്തിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ പ്രാധാന്യം അടിവരയിട്ടുപറയുന്ന സഭാനിയമങ്ങൾ, വൈദികൻ ദിവസേന ബലിയർപ്പിക്കണമെന്നു നിഷ്കർഷിക്കുന്നു (CCEO c. 378, CIC c. 904). ദൈവജനത്തിന്റെ സാനിധ്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും വൈദികർ ദിവസവും ബലിയർപ്പിക്കണമെന്നതാണു സഭാനിയമം.

ഒരു ദിവസം ഒന്നിൽ കൂടുതൽ തവണ ബലിയർപ്പിക്കേണ്ടിവരുന്നത് അജപാലനപരമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനാണ് എന്നതു വ്യക്തമാണല്ലോ. വിശ്വാസിസമൂഹമില്ലാതെ ബലിയർപ്പിക്കുന്ന വൈദികന് ഒന്നിൽ കൂടുതൽ തവണ ഒരു ദിവസം വിശുദ്ധ കുർബാനയർപ്പിക്കേണ്ട ആവശ്യം ന്യായമായും ഉണ്ടാവില്ലല്ലോ. അതിനാൽ, വിശ്വാസികളുടെ അജപാലന ഉത്തരവാദിത്വം വഹിക്കുന്ന വൈദികരുടെ വിശുദ്ധ കുർബാനയർപ്പണത്തെ സഭാനിയമം എങ്ങനെയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നതു പരിശോധിക്കാം. ലത്തീൻ സഭാനിയമമാണ് ഈ വിഷയത്തിൽ കൃത്യമായ ഉത്തരം നൽകുന്നത്. പൗരസ്ത്യസഭാനിയമസംഹിത ഇക്കാര്യം വ്യക്തിസഭകളുടെ പ്രത്യേക നിയമങ്ങൾക്കു വിട്ടുകൊടുത്തിരിക്കുകയാണ്. പൊതുവേ ഈ വിഷയത്തിൽ, പൗരസ്ത്യസഭകൾ ലത്തീൻ സഭാനിയമം നിഷ്കർഷിക്കുന്ന രീതിതന്നെയാണു സ്വീകരിച്ചിരിക്കുന്നത്.

ഒരു ദിവസം ഒരു കുർബാനയർപ്പിക്കുന്നതിനാണു വൈദികനെ നിയമം അനുവദിക്കുന്നത്. എന്നാൽ, നിയമം അനുവദിക്കുന്ന സാഹചര്യങ്ങളിൽ, രണ്ടാമതൊരു കുർബാനയിൽ സഹകാർമ്മികനാവുകയോ, സ്വന്തമായി കുർബാന അർപ്പിക്കുകയോ ചെയ്യാവുന്നതാണ് (CIC c. 905 §1) ആവശ്യത്തിനു വൈദികർ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ, ന്യായമായ അജപാലനപരമായ കാരണം അഥവാ ആവശ്യം ഉണ്ടെങ്കിൽ, ഒരു വൈദികന് ഇടദിവസങ്ങളിൽ രണ്ടു കുർബാനയും, ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മൂന്നു കുർബാനയും അർപ്പിക്കാവുന്നതാണ് (c. 905 §2).

പൗരസ്ത്യസഭാനിയമം ഇക്കാര്യത്തിൽ പൊതുവായ നിർദ്ദേശം നൽകുന്നില്ലായെന്നു പറഞ്ഞു. എന്നാൽ, ആരാധനക്രമനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയം 1996 ൽ പുറത്തിറിക്കിയ ഔദ്യോഗിക രേഖയിൽ ഈ വിഷയം പ്രതിപാദിക്കുന്നുണ്ട്. ആഘോഷദിവസങ്ങളിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ എണ്ണം അനാവശ്യമായി വർദ്ധിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് ഈ വത്തിക്കാൻ രേഖ നിർദ്ദേശിക്കുന്നു. കൃത്യമായ ഒരു അജപാലന ആവശ്യമില്ലാതെ ഒരു ദിവസം ഒന്നിൽ കൂടുതൽ തവണ ബലിയർപ്പിക്കുന്നതു വൈദികർ ഉപേക്ഷിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതിവരുത്തുവാനുള്ള ഉത്തരവാദിത്തവും അധികാരവും രൂപതാമെത്രാനിൽ നിക്ഷിപ്തമാണ് (നമ്പർ 65).

ലത്തീൻ സഭാനിയമവും പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള വത്തിക്കാൻ രേഖയും പറയുന്ന കാര്യങ്ങളെ ഒന്നു വിശകലനം ചെയ്യാം. സാധാരണഗതിയിൽ ഇടദിവസങ്ങളിൽ ഒരു വിശുദ്ധ കുർബാനയർപ്പിക്കാനാണ് ഒരു വൈദികന് അനുവാദമുള്ളത്. എന്നാൽ, ഇടവക ജനത്തിനുവേണ്ടി രാവിലെ വിശുദ്ധ കുർബാനയർപ്പിച്ച വൈദികൻ, ആ ദിവസം തന്നെ പിന്നീടു നടക്കുന്ന ഒരു വിവാഹത്തോടനുബന്ധിച്ചോ മൃതസംസ്കാരത്തോടനുബന്ധിച്ചോ മറ്റൊരു കുർബാനകൂടി അർപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതു സാധാരണമാണ്. ദിവസേന രണ്ടു കുർബാനയുള്ള ഒരു ദൈവാലയത്തിൽ, രണ്ടു വൈദികരിലൊരാൾ രോഗിയാവുകയോ, സഹായിക്കാമെന്ന് ഏറ്റിരുന്ന വൈദികനു വരാൻ സാധിക്കാതെ വരികയോ ചെയ്താൽ, ഒരു വൈദികൻ തന്നെ രണ്ടു കുർബാന ഇടദിവസങ്ങളിൽ അർപ്പിക്കേണ്ടി വരാം. ഇതേ സാഹചര്യം തന്നെ ഞായറാഴ്ചകളിലും സംഭവിക്കാവുന്നതാണ്.

ചുരുക്കത്തിൽ, ന്യായമായ അജപാലന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇടദിവസങ്ങളിൽ പരമാവധി രണ്ടു വിശുദ്ധ കുർബാനയും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മൂന്നു വിശുദ്ധ കുർബാനയും അർപ്പിക്കാൻ സാധാരണഗതിയിൽ ഒരു വൈദികന് അനുവാദമുണ്ട്. അതിൽ കൂടുതൽ ആവശ്യം ഇടവകയിലോ മറ്റ് അജപാലന സാഹചര്യങ്ങളിലോ സംഭവിക്കുകയാണെങ്കിൽ, രൂപതാമെത്രാനാണു കൂടുതൽ തവണ വിശുദ്ധ കുർബായർപ്പിക്കാനുള്ള അനുവാദം ബന്ധപ്പെട്ട വൈദികനു നൽകേണ്ടത്.

ലോകമെമ്പാടുമുള്ള വിവിധ ഇടവകകളിൽ, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ, വിശുദ്ധ കുർബാനയർപ്പണം നിശ്ചിത എണ്ണം വിശ്വാസികൾക്കു മാത്രമായി സിവിൽ അധികാരികൾ പരിമിതപ്പെടുത്തിയപ്പോൾ രൂപതാദ്ധ്യക്ഷന്മാരുടെ അനുവാദത്തോടെ ഇടവകകളിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ എണ്ണം വർദ്ധിപ്പിക്കുകയുണ്ടായി. ഈ വിഷയത്തിൽ ഏറ്റവും വലിയ നിയമമായി കണക്കിലെടുക്കേണ്ടത് ആത്മാക്കളുടെ രക്ഷയാണ് (salus animarum).

2020 ലെ ക്രിസ്മസ്സിനു മുൻപ്, കോവിഡിന്റെ പശ്ചാത്തലത്തിൽ, കൂദാശകൾക്കായുള്ള വത്തിക്കാൻ കാര്യാലയം, ക്രിസ്മസ്, ദൈവമാതാവിന്റെ തിരുനാൾദിനമായ ജനുവരി ഒന്ന്, ദനഹാതിരുനാളായ ജനുവരി ആറ് എന്നീ ദിവസങ്ങളിൽ വൈദികർക്കു നാലു കുർബാനവരെ അർപ്പിക്കുന്നതിനുള്ള അനുവാദം നൽകുകയുണ്ടായി. ദൈവജനത്തിന്റെ നന്മയ്ക്കു ഉപകരിക്കുമെന്ന് ഉറപ്പുള്ള സാഹചര്യങ്ങളിൽ, ഈ അനുവാദം വൈദികർക്കു നൽകാൻ രൂപതാദ്ധ്യക്ഷന്മാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഒരു വൈദികൻ തന്റെ പൗരോഹിത്യം ജീവിക്കുന്നതു ദൈവജനത്തോടൊപ്പവും ദൈവജനത്തിനു വേണ്ടിയുമാണ്. വിശ്വാസികളുടെ ആത്മീയമായ നന്മയും വളർച്ചയും അതുവഴി അവരുടെ ആത്മരക്ഷയും ഉറപ്പുവരുത്തുവാൻ അജപാലകർക്കു കടമയുണ്ട്. ദൈവജനത്തിന്റെ ന്യായമായ ആവശ്യങ്ങൾക്കാനുസരിച്ചു ഒരു ദിവസം ഒന്നിലധികം തവണ വിശുദ്ധ കുർബാനയർപ്പിക്കുവാൻ നിയമം വൈദികന് അനുവാദം നൽകുന്നുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ, സർക്കാർ നിയന്ത്രണങ്ങൾ നിലനിൽക്കുമ്പോൾ, ഒന്നിലധികം വിശുദ്ധ കുർബാന ഒരു ദിവസം ദൈവജനത്തിനുവേണ്ടി അർപ്പിക്കാൻ സഭാനിയമചൈതന്യം ഈ കാലഘട്ടത്തിൽ വൈദികരെ കടപ്പെടുത്തുന്നു.

**സഭാ സംബന്ധമായ നിങ്ങളുടെ സംശയങ്ങൾക്ക് ഞങ്ങൾ മറുപടി നൽകാം.**
**ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ,**
**മലബാർ വിഷൻ, പിഎംഒസി,**
**മേരിക്കുന്ന് പിഒ, കോഴിക്കോട് –12**
**വാട്സാപ്പ്: 97 44 99 5553**










# കറുമ്പിക്കുഞ്ഞ് പഠിച്ച പാഠം



കുട്ടീസ് കോർണർ
ജെയിംസ് വെങ്ങിണിക്കൽ

കാക്കയുടെ കൂട്ടിൽ മൂന്ന് കുഞ്ഞുങ്ങൾ വിരിഞ്ഞു. കാക്കയ്ക്ക് എന്തൊരു സന്തോഷമായെന്നോ? അപ്പൻ കാക്ക എല്ലാവർക്കും വേണ്ടി ആഹാരം തേടി പോയിരിക്കുകയാണ്. അമ്മ കുഞ്ഞുങ്ങളെ താലോലിക്കുന്നതിനിടയിൽ അവരെ ഉപദേശിക്കുകയായിരുന്നു. "കുഞ്ഞുങ്ങളെ ദേ... ആ കാണുന്ന പറക്കുന്ന പക്ഷി ഏതാണെന്ന് അറിയാമോ? നമ്മുടെ ആജീവനാന്ത ശത്രുവാണ്. അവനാണ് പരുന്ത്. അവൻ വന്നു വിളിച്ചാൽ ഞങ്ങളില്ലാത്ത സമയത്ത് പുറത്തിറങ്ങരുത്. നിങ്ങൾക്ക് ആവശ്യമുള്ള ഭക്ഷണം ഞങ്ങൾ കൊണ്ടുവന്നു തരും. അതു കഴിച്ചാൽ മതി. മറ്റാരെങ്കിലും തരുന്ന ഭക്ഷണം വാങ്ങുകയോ കഴിക്കുകയോ അരുത്."













കറുമ്പി കുഞ്ഞു പറഞ്ഞു– "അമ്മേ എനിക്ക് അമ്മയെപ്പോലെ പറക്കണം." അമ്മ പറഞ്ഞു– "അതിനു നിങ്ങളുടെ ചിറകുകൾക്ക് ബലം വന്നു കഴിയുമ്പോൾ ഞാൻ അനുവദിക്കാം. പിന്നെ ഒരു ചക്കി പൂച്ചയുണ്ട് അതിന്റെ മ്യാവൂ... മ്യാവൂ... എന്നുള്ള സ്വരം കേട്ട് അങ്ങോട്ട് തിരിഞ്ഞു നോക്കുകപോലും അരുത്." "ശരി അമ്മേ" എല്ലാവരും പറഞ്ഞു.

അങ്ങനെ കുറച്ചു നാളുകൾ കഴിഞ്ഞു കാക്കകുഞ്ഞുങ്ങൾ സ്വന്തം കാലിൽ നിൽക്കാറായി. കുഞ്ഞുങ്ങൾ തനിച്ചായപ്പോൾ കറുമ്പിക്കുഞ്ഞ് പറഞ്ഞു "ഞാൻ പറക്കാൻ പോവുകയാ." മറ്റുള്ളവർ തടഞ്ഞു. "എടാ മണ്ടാ അമ്മ എന്താ പറഞ്ഞത് നമ്മുടെ ചിറകിന് ബലം വയ്ക്കട്ടെ." കറുമ്പിക്കുഞ്ഞ് ചിരിച്ചു "ഹ... ഹ... ഹ... നമ്മൾ എത്രനാൾ ഈ കൂടിനുള്ളിൽ കഴിയും? ആകാശത്തുകൂടി പാറിപറക്കുക എന്നൊക്കെ പറഞ്ഞാൽ ഹാ! എന്തൊരു രസമായിരിക്കും. അമ്മയ്ക്ക് ധൈര്യം ലവലേശമില്ല. അതാണ് നമ്മെ പുറത്തു പോവാൻ അനുവദിക്കാത്തത്. എനിക്ക് ആവശ്യത്തിന് ശക്തിയും ഉണ്ട് ധൈര്യവുമുണ്ട്. തന്നെയുമല്ല മനുഷ്യർക്ക് പോലും നമ്മേപോലെ പറക്കാൻ പറ്റുമോ?"

ഒരു കുഞ്ഞ് പറഞ്ഞു– "അവർക്കെന്തിനാ ചിറക്, അവർ ഉണ്ടാക്കുന്ന സാധനമുണ്ടല്ലോ അതേ കേറി പറക്കും. അപ്പോൾ അവർക്കും പറക്കാൻ ആഗ്രഹമുണ്ടെന്നർത്ഥം."

ഈ സംഭാഷണം കേട്ടുകൊണ്ട് അവരുടെ അപ്പനും അമ്മയും പറന്നു വന്നു കൂട്ടിനരികിലിരുന്നു. മക്കൾ തീറ്റയ്ക്കായി കരഞ്ഞ് വായ്പൊളിച്ചു. അമ്മ കാക്ക പറഞ്ഞു– "നിങ്ങൾ പറയുന്നതൊക്കെ ഞാൻ കേട്ടു. ഇപ്പോൾ ഞാൻ പറയുന്നത് കേട്ട് അടങ്ങിയൊതുങ്ങി കഴിഞ്ഞോണം. നിങ്ങൾ കൂടിനു പുറത്തിറങ്ങിയാൽ ശത്രുക്കളാണ് ചുറ്റും ശ്രദ്ധിക്കണം."

അമ്മകാക്കയും അപ്പൻ കാക്കയും വീണ്ടും പറന്നു പൊയ്ക്കഴിഞ്ഞപ്പോൾ കുഞ്ഞുങ്ങളുടെ ഇടയിൽ ഒരു മുറുമുറുപ്പ്. 'നമുക്കൊരു സ്വാതന്ത്ര്യവുമില്ല, അങ്ങോട്ടു നോക്കാൻമേല, ഇങ്ങോട്ടുനോക്കാൻ മേല, എന്തൊരു മടുപ്പാണ്.' കറുമ്പിക്കുഞ്ഞ് പറഞ്ഞു – "ഞാൻ ഇപ്പം പറക്കും." അവൻ കൂട്ടിൽ നിന്ന് പുറത്തിറങ്ങി മറ്റുള്ളവർ വിലക്കി. പക്ഷേ അവൻ കൂട്ടാക്കിയില്ല.

അവന്റെ ചിറകുവിടർത്തി ഒറ്റച്ചാട്ടം. അയ്യോ എന്ന് എല്ലാവരും പറഞ്ഞു പോയി. ഉയരമുള്ള മരക്കൊമ്പിൽ നിന്നും പറക്കാനാവാതെ അവൻ അതാ താഴേക്കു പതിച്ചു. ശാപ്പിടാൻ തയ്യാറായി ചക്കിപ്പൂച്ച വായും പൊളിച്ചു കാക്കകുട്ടന്റെ വരവും നോക്കി താഴെയിരിക്കുന്നുണ്ടായിരുന്നു.

കാക്കക്കുഞ്ഞുങ്ങൾ ക്രാ... ക്രാ... കരഞ്ഞു. തള്ളക്കാക്ക പറന്നെത്തി താഴേക്കു വീണുകൊണ്ടിരിക്കുന്ന തന്റെ കുഞ്ഞിന്റെ അടിയിൽ ചിറകുവിരിച്ച് കുഞ്ഞിനെ പുറത്തു വഹിച്ച് പറന്നുയർന്നു കൂട്ടിലെത്തി.

തന്തോന്നിയായ കുഞ്ഞ് അമ്മയോട് ക്ഷമ ചോദിച്ചു. "അമ്മേ മേലിൽ ഞാൻ എന്റെ ഇഷ്ടം പോലെയല്ല, അമ്മ പറയുന്നത് അനുസരിച്ചുകൊള്ളാം. അമ്മ ഞങ്ങളെ പറക്കാൻ അനുവദിക്കുമ്പോഴേ ഞങ്ങൾ പറക്കുകയുള്ളൂ." തള്ളക്കാക്കയ്ക്ക് ആശ്വസമായി.

**മാതാപിതാക്കളെ അനുസരിച്ചില്ലെങ്കിൽ അപകടമാകും ഫലം**

---

# ക്വിസ് കോർണർ 2021

*ഒക്ടോബർ – നവംബർ ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**വി. കെ. ഫ്രാൻസിസ്**
വാണിയപ്പുരയ്ക്കൽ, പടത്തുകടവ്

● രണ്ടാം സമ്മാനം, 500 രൂപ
**മറിയക്കുട്ടി**
കുറ്റിവേലിൽ, നെന്മേനി

● മൂന്നാം സമ്മാനം, 250 രൂപ
**മേരി തോമസ്**
കുബ്ലാനിക്കൽ, കൂരാച്ചുണ്ട്

● പ്രോത്സാഹന സമ്മാനം
**അമ്പിളി സാലസ്**
നരിക്കുഴിയിൽ, തിരുവമ്പാടി

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

## 2021 ജനുവരി – ഫെബ്രുവരി ലക്കം ചോദ്യങ്ങൾ

1. ജോസഫിനെ ആദരിച്ചുകൊണ്ട് സുവിശേഷം നൽകിയ വലിയ അംഗീകാര മുദ്ര എന്താണ്?
2. സർവ്വമേഖലകളിലും സജീവ സാന്നിദ്ധ്യമായിരുന്ന ക്രൈസ്തവ സമുദായത്തിന്റെ സാന്നിദ്ധ്യ ശക്തി ദുർബലമായതിന്റെ പ്രധാന കാരണം എന്ത്?
3. കത്തോലിക്കാ സഭയുടെ സംരക്ഷകനായി യൗസേപ്പിതാവിനെ പ്രഖ്യാപിച്ച വർഷം ഏത്?
4. പുണ്യഗ്രന്ഥങ്ങളെല്ലാം പറയാൻ ശ്രമിക്കുന്നത് എന്താണ്?
5. കിട്ടിയ അവസരങ്ങൾ ഉപയോഗിച്ച് വളരുവാനും വീഴ്ച്ചകൾ തിരുത്തുവാനും ശ്രമിക്കാത്ത സമുദായങ്ങൾക്ക് എന്ത് സംഭവിക്കും?
6. ഒരു ക്രൈസ്തവന്റെ മുഖമുദ്ര എന്താണ്?
7. ജീവിതം എല്ലാവർക്കുമുള്ള സമ്മാനമായി മാറ്റണമെന്ന് ഫ്രാൻസിസ് പാപ്പ നിർദ്ദേശിച്ചത് ആരുടെ തിരുനാൾ വേളയിലാണ്?
8. മരണം ജന്മനാ പിടിപെടുന്ന മാരക രോഗമാണെന്ന് പറഞ്ഞ സഭാ പിതാവ്?
9. മുഖക്കുരു ഉണ്ടാകാൻ കാരണമായ ഹോർമോൺ ഏത്?
10. പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജീവമാണെന്ന് ഓർമ്മിപ്പിക്കുന്നതാര്?

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ ലക്കം മുതൽ അതാത് ലക്കങ്ങളിലെ പംക്തികളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തുന്നത്. അതിനാൽ ഉത്തരങ്ങൾക്കായി മുൻ ലക്കങ്ങളെ ആശ്രയിക്കേണ്ടതില്ല.

**ഉത്തരങ്ങൾ 2021 ഫെബ്രുവരി 28ന് മുമ്പ് ലഭിക്കണം**

## ഒക്ടോബർ – നവംബർ ലക്കം ഉത്തരങ്ങൾ

1. കാർഷിക മേഖലയുടെ പുനരുദ്ധാനത്തിലൂടെ 2. മനുഷ്യന്റെ നശ്വരതയെ 3. ഫ്രാൻസിസ് മാർപാപ്പ 4. 30 5. പരിശുദ്ധ ജ്ഞാനം 6. ബന്ധങ്ങളുടെ കൂട്ടായ്മ 7. 2016 8. 2020 സെപ്റ്റംബർ 6 9. ബോധ്യങ്ങളുടെ കരുത്തും നിലപാടുകളിലെ ആർജ്ജവത്വവും 10. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

## പൊതുനിർദ്ദേശങ്ങൾ

● മലബാർ വിഷൻ ക്വിസ് കോർണറിൽ പങ്കെടുക്കുന്നവർ ഈ പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● നിർദ്ദിഷ്ട കോളത്തിലല്ലാതെ പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല. ● സംശയങ്ങൾക്ക് വിളിക്കുക: 97 44 99 5552

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ....................

വീട്ടുപേര്: ....................

ഇടവക: ....................

ഫോൺ: ....................

# കണ്ണീരുണങ്ങാത്ത വഴിയിലൂടെ ദൈവത്തിന്റെ കരംപിടിച്ച്

ക്രൈസ്തവന്റെ നെഞ്ചിലാണ് തമ്പുരാൻ. ആ പൊന്നു തമ്പുരാനെ പടിയടച്ച് പിണ്ഡംവച്ച് പുറത്താക്കി നമുക്ക് സ്വപ്നസൗധങ്ങൾ കെട്ടിപ്പടുക്കാനാവില്ല. ഈ പുതുവർഷത്തിലും 'എന്റെ ദൈവമേ നിന്നെ മഹത്വപ്പെടുത്താൻ എന്നെ അനുവദിക്കണമേ'യെന്ന് ഉള്ളുരുകി പ്രാർത്ഥിക്കാനാവുന്നുണ്ടോ? എങ്കിൽ ആ ഉള്ളുരുക്കത്തിന്റെ കുന്തിരിക്കപ്പുകയിൽ നിനക്കും നിന്റെ കുടുംബത്തിനുമായുള്ള പുതുവർഷസമ്മാനം തെളിഞ്ഞുവരും



ചിന്തയും ചർച്ചയും
ആന്റണി ചടയംമുറി



ജോൺകുട്ടി ആൾ ചില്ലറക്കാരനല്ല. എല്ലാ കാര്യങ്ങളെ കുറിച്ചും ഭയങ്കര അറിവാണ്. എന്ത് സംശയങ്ങൾക്കും ജോൺകുട്ടി മറുപടി പറയും. അത് ശരിയായാലും തെറ്റായാലും ജോൺകുട്ടി വീട്ടിലും നാട്ടിലും വിട്ടുകൊടുക്കില്ല. ജോൺകുട്ടി എല്ലാ വർഷവും ഡയറി എഴുതിത്തുടങ്ങും. ഒരു മാസം തികയുന്നതിനുമുമ്പേ ജോൺകുട്ടി ഡയറി എഴുത്ത് നിർത്തും. എല്ലാ വർഷത്തിലും മദ്യപാനം നിർത്താനുള്ള പ്രതിജ്ഞയെടുക്കാനും, അക്കാര്യം നാട്ടുകാരുടെ മുമ്പിൽ വിളിച്ചു പറയാനും ജോൺകുട്ടിക്ക് മടിയില്ല. എല്ലാറ്റിനും ആരംഭശൂരത്വം. പക്ഷേ, അത് അപൂർണ്ണമായ തീരുമാനങ്ങളുടെ ശവപ്പറമ്പായി മാറുന്നത് ജോൺകുട്ടിക്ക് അറിയാം. എങ്കിലും, ആ ശീലക്കേടിൽ നിന്നു പിന്തിരിഞ്ഞു നടക്കാൻ ജോൺകുട്ടിക്ക് കഴിയുന്നില്ല. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം നിശ്ചയദാർഢ്യം അവന്റെ മുഖമുദ്രയാണ്. പക്ഷേ, ആ മുഖമുദ്ര ജോൺകുട്ടിക്ക് ദൃഢതയോടെ ചേർത്തുപിടിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്? ഓരോ പുതുവർഷത്തിലും നാം കൈക്കൊള്ളുന്ന തീരുമാനങ്ങൾ എന്തുകൊണ്ട് എനിക്കും നിങ്ങൾക്കും പൂർണമായി നിറവേറ്റാനാവുന്നില്ല?

ഒന്നാമത് ഒരു തീരുമാനം ദൈവത്തോട് ചേർന്ന് നടപ്പാക്കാൻ ശ്രമിക്കാതെ, "ഞാൻ അത് ചെയ്തിരിക്കും" എന്ന് ചിന്തിക്കാറുണ്ടോ? ഏതൊരു കാര്യവും ഞാനും നിങ്ങളുമാകുന്ന ദൈവസൃഷ്ടിയിലൂടെ നിവർത്തിതമാകണമെങ്കിൽ എന്തുവേണം? തീർച്ചയായും ദൈവാനുഗ്രഹം വേണം. ഈ ദൈവാനുഗ്രഹം എങ്ങനെയാണ് ഒരു ക്രിസ്തീയ വിശ്വാസിക്ക് കരഗതമാകുക? കുട്ടികളെ പൂർണ്ണമായി മാതാപിതാക്കളെ ദൈവം ഭരമേൽപ്പിച്ച നാളുകളാണ് കോവിഡ് എന്ന മഹാവ്യാധി നമുക്ക് നൽകിയത്. ഇവിടെ മുതിർന്നവരുടെ, മാതാപിതാക്കളുടെ വിശ്വാസം കുട്ടികളുടെ ജീവിത സ്വഭാവ രൂപീകരണത്തിൽ എത്രത്തോളം സഹായകമായി? ഒരു മനുഷ്യവ്യക്തിയുടെ സമഗ്രമായ സാന്മാർഗിക ജീവിതവും അവൻ /അവൾ ക്രിസ്തുമാർഗത്തിലൂടെ നടന്ന് സ്വന്തമാക്കുന്ന ജീവിത വിശുദ്ധിയും മക്കളെ നല്ലവരായി വളർത്തുന്നതിൽ നമ്മെ സഹായിച്ചുവോ?

## ക്രിസ്തീയ വിശ്വാസത്തിന്റെ സവിശേഷതകൾ

ക്രിസ്തീയ വിശ്വാസത്തിന്റെ മൂന്ന് സവിശേഷതകൾ എന്തെല്ലാമെന്ന് മാതാപിതാക്കളായ നാം ഗ്രഹിച്ചിട്ടുണ്ടോ? വിശ്വാസത്തിന്റെ രീതിയും, ആരാധനയുടെ രീതിയും, ജീവിത രീതിയും ക്രിസ്തീയമായ തലത്തിൽ നിങ്ങളിൽ നിങ്ങളുടെ കുടുംബത്തിൽ സമ്മേളിച്ചിട്ടുണ്ടോ? കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാല് സ്തംഭങ്ങളായി ഇവ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വിശ്വാസത്തിന്റെ മതസ്വീകാര്യത (വിശ്വാസം), കൂദാശകൾ (ആരാധനക്രമം) സദാചാരം (നീതിശാസ്ത്രം) പ്രാർത്ഥന എന്നിവ വിശ്വാസത്തിന്റെ നാല് തൂണുകളായാണ് മതബോധന ഗ്രന്ഥത്തിൽ ഇവ നിർവചിക്കപ്പെടുന്നത്. ആശയാധിഷ്ഠിതമായ ഭാഷ ഉപയോഗിച്ച് നാം നമ്മുടെ വിശ്വാസം പരസ്യമായി പ്രകടിപ്പിക്കുന്നു. അത് ആഘോഷിക്കുന്നത് പ്രതീകാത്മകമായ ഭാഷയിലൂടെയാണ്. പരസ്പരബന്ധത്തിന്റെ ഭാഷ സംസാരിച്ചുകൊണ്ടാണ് നാം ക്രൈസ്തവരായി ജീവിക്കുന്നത്. ദൈവവുമായുള്ള ഹൃദയബന്ധം സ്ഥാപിക്കുന്ന നാം പ്രാർത്ഥിക്കുന്നു. അതോടെ നമ്മുടെ വിശ്വാസം ജീവിത പ്രവൃത്തിയായി പരിണമിക്കുന്നു.

വിശ്വാസത്തിന്റെ പ്രവൃത്തികളായും വിശ്വാസത്തിന്റെ ഉള്ളടക്കമായും ക്രിസ്തീയ വിശ്വാസം ഹൃദയത്തിൽ സ്വായത്തമാക്കാൻ നമുക്ക് കഴിയുന്നുണ്ടോ? വിശ്വാസത്തിൽ പക്വത പ്രാപിക്കാൻ വചനം നമ്മിൽ മാംസം ധരിക്കുന്നുണ്ടോയെന്ന ആത്മവിശകലനം വേണം, ഇവിടെ തിരുവചനം നമ്മെ പുതുസൃഷ്ടിയായി മാറ്റുന്നുണ്ടോ?

നമുക്ക് ജോൺകുട്ടിയിലേക്ക് കണ്ണോടിക്കാം. ക്രൈസ്തവനാണെങ്കിലും ക്രിസ്തീയ വിശ്വാസം ജോൺകുട്ടിയുടെ ഹൃദയം തൊട്ടുവെന്നു പറയാനാവില്ല. നമുക്ക് പൗലോസ് അപ്പസ്തോലന്റെ ഒരു വചനം ഏറ്റുപറയാം "മനുഷ്യൻ ഹൃദയം കൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരം കൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷ പ്രാപിക്കുകയും ചെയ്യുന്നു." (റോമ 10:10) യാക്കോബ് ശ്ലീഹായും ജോൺകുട്ടിയെ ഓർമിപ്പിക്കുന്നു– "പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജീവമാണ്" എന്ന്.

## ജോൺകുട്ടി കുഴപ്പക്കാരനല്ല

നമ്മുടെ വിശ്വാസം, നമ്മുടെ ജീവിത പശ്ചാത്തലങ്ങളിൽ കൂടുതൽ ദൃഢീകരിക്കപ്പെടുകയോ ദുർബലമാവുകയോ ചെയ്യാം. സ്വാഭാവികമാണത്. ജോൺകുട്ടി ഒരു കുഴപ്പക്കാരനല്ല. പക്ഷേ, ക്രിസ്തീയ വിശ്വാസത്തിൽ ആഴപ്പെടാനുള്ള മൃദുത്വം അദ്ദേഹത്തിന്റെ ഹൃദയത്തിന് കൈമോശം വന്നിരിക്കാം. ഇവിടെ വേദോപദേശത്തിന്റെ അടിസ്ഥാനപരമായ കർത്തവ്യങ്ങൾ അക്കമിട്ട് നിരത്താം.

● വിശ്വാസത്തെ കുറിച്ചുള്ള അറിവ് ആഴപ്പെടുത്തുക. (ജീവിതത്തിന്റെ മറ്റ് മേഖലകളിൽ നാം അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ട്. പക്ഷേ, വിശ്വാസതലത്തിൽ ഈ ജാഗ്രത നമുക്കില്ല)

● ആരാധനക്രമത്തെക്കുറിച്ച് പഠിപ്പിക്കുക. (പ്രത്യേകിച്ച് ഓൺലൈനിൽ ദിവ്യബലിയും മറ്റും കാണുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് നാം മക്കളോട് പറയാറുണ്ടോ?)

● ധാർമ്മിക മനഃസാക്ഷി രൂപപ്പെടുത്തുക. (ദൈനംദിന ജീവിതത്തിൽ മൂല്യങ്ങൾക്ക് പ്രാധാന്യം കൽപിക്കുന്നുണ്ടോ നാം?)

● പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിക്കുക. (പ്രാർത്ഥനകൾ ചൊല്ലി തീർക്കുകയല്ല, അതൊരു സമർപ്പണമാണെന്നും നന്ദി പ്രകടനമാണെന്നും കുഞ്ഞുങ്ങൾക്ക് മനസിലാക്കികൊടുക്കുക)

● സാമൂഹിക ജീവിതത്തെക്കുറിച്ച് ബോധ്യപ്പെടുത്തുക (സെൽഫി സംസ്കാരത്തിൽ നിന്നു തിരിഞ്ഞു നടക്കലാണ് ഇവിടെ ഓർമിക്കേണ്ടത്)

● സുവിശേഷ പ്രഘോഷണത്തിന് തുടക്കം കുറിക്കുക (വചനത്തിന്, സ്നേഹത്തിന്, സത്യത്തിന് സാക്ഷ്യം നൽകാനുള്ള ശ്രമം)

## വിസ്മയമാർന്ന വിനയത്തിന്റെ ക്യാൻവാസ്

കോവിഡ് ഈ തലമുറയ്ക്ക് നൽകിയ ഒരു സുവിശേഷ സന്ദേശമുണ്ട്. ദൈവത്തോടൊപ്പം സായാഹ്നസവാരിക്ക് സുവർണാവസരം ലഭിച്ച ആദവും ഹവ്വായും അത് നഷ്ടപ്പെടുത്തിയ കഥയുടെ പശ്ചാത്തലം വരുംതലമുറകൾക്ക് വിവരിച്ചുകൊടുക്കാനാകുന്നവിധം ദൈവസ്നേഹത്തിന്റെ സുവർണ്ണ കംബളം നമുക്കായി ദൈവം വിരിച്ചിട്ടു കഴിഞ്ഞു. എല്ലാവരോടുമൊപ്പം, എല്ലാ ജീവികളോടുമൊപ്പമുള്ള ഈ പ്രപഞ്ചവാസം ഒരു വാടകവീടിന്റെ തലത്തിൽ നിന്നുയർത്തി പ്രതിഷ്ഠിക്കുന്നത് യേശുവചനങ്ങളുടെ നക്ഷത്രമയമായ ആലങ്കാരിക പ്രകാശമത്രേ. അന്യന്റെ മുഖത്തെ പുഞ്ചിരി കാണാൻ കൊതിക്കാത്തവന് ദൈവത്തോടൊപ്പം ഉലാത്താനാവില്ല. ഒരു സൃഷ്ടിയുടെ വിസ്മയമാർന്ന വിനയത്തിന്റെ ക്യാൻവാസിൽ നമുക്ക് നമ്മെത്തന്നെ വരച്ചിടാൻ കഴിയണം. ദൈവത്തിന്റെ കൈപിടിച്ചു നടക്കുന്ന ഒരു കുടുംബമെന്ന സുന്ദര സങ്കൽപ്പം സാക്ഷാത്കരിക്കാൻ വിളിക്കപ്പെട്ട ക്രൈസ്തവർ അവന്റെ /അവളുടെ പാപത്തിന്റെ കൽകൂമ്പാരങ്ങളിൽ അഭയം തേടരുത്. ഒരർത്ഥത്തിൽ മനുഷ്യനായി അവതരിച്ച യേശു നമ്മെ മനുഷ്യരാകാൻ ക്ഷണിക്കുമ്പോൾ തലയിൽ രണ്ട് കൊമ്പും പിന്നിൽ ഒരു വാലുമായി പിശാചിന്റെ വേഷമണിയാൻ നാം ശ്രമിക്കരുത്.

## ക്രൈസ്തവന്റെ നെഞ്ചിലാണ് തമ്പുരാൻ

ഈ പുതുവർഷത്തിൽ പ്രതിജ്ഞകളാകാം. പക്ഷേ അത് ദൈവത്തിന് രണ്ടാം സ്ഥാനമോ, മൂന്നാം സ്ഥാനമോ നൽകുന്നതാകരുത്. കരഞ്ഞ് കൈവിരിച്ച് പിടിക്കുമ്പോൾ മനസിൽ ജഗദീശ്വരരൂപം തെളിയുന്ന മറ്റൊരു മതമില്ല ലോകത്തിൽ. കണ്ണടച്ച് ധ്യാനിക്കുമ്പോൾ ഹൃദയതാളത്തോടൊപ്പം ദൈവിക സ്വരം ശ്രവിക്കാവുന്ന മറ്റൊരു ആത്മീയ പ്രസ്ഥാനവുമില്ല. കാരണം, ക്രൈസ്തവന്റെ നെഞ്ചിലാണ് തമ്പുരാൻ. ആ പൊന്നു തമ്പുരാനെ പടിയടച്ച് പിണ്ഡംവച്ച് പുറത്താക്കി നമുക്ക് സ്വപ്നസൗധങ്ങൾ കെട്ടിപ്പടുക്കാനാവില്ല.

ഈ പുതുവർഷത്തിലും എന്റെ ദൈവമേ നിന്നെ മഹത്വപ്പെടുത്താൻ എന്നെ അനുവദിക്കണമേയെന്ന് ഉള്ളുരുകി പ്രാർത്ഥിക്കാനാവുന്നുണ്ടോ? എങ്കിൽ ആ ഉള്ളുരുക്കത്തിന്റെ കുന്തിരിക്കപ്പുകയിൽ നിനക്കും നിന്റെ കുടുംബത്തിനുമായുള്ള പുതുവർഷസമ്മാനം തെളിഞ്ഞുവരും. അന്യന്റെ, സഹോദരന്റെ മൃദുഹാസമായി അത് മാറ്റാനുള്ള ധ്യാനപ്രസാദം ഈ വർഷം ദൈവം നമുക്ക് ഓരോരുത്തർക്കും നൽകുമാറാകട്ടെ.

# പച്ചപ്പു നിറയുന്ന വീടകങ്ങൾ



**വീട്ടുകൃഷി**

ജോസ് കെ. വയലിൽ

വീട്ടിനുള്ളിലും പൂവും പച്ചപ്പും വിരിയുന്ന നാളുകളായി കോവിഡ് കാലം മാറിയിരിക്കുന്നു. വരാന്ത മുതൽ അടുക്കള വരെ പച്ചപ്പു പകരുന്ന ഇൻഡോർ പ്ലാന്റുകൾ മനസ്സിനും കണ്ണിനും കുളിർമയേകുന്ന കാഴ്ചയ്ക്കൊപ്പം വലിയ വിപണിയും തുറന്നിരിക്കുകയാണ്. കോവിഡ് കാലത്തു വീട്ടിൽ തന്നെ ഇരുന്നപ്പോഴാണു പലരും വീടകം എങ്ങനെ ഭംഗിയുള്ളതാക്കാമെന്നു ചിന്തിച്ചത്. അതിനായി കൂടുതലും തിരഞ്ഞെടുത്തത് ഇൻഡോർ പ്ലാന്റുകളും.

ആവശ്യക്കാർ വർധിച്ചതോടെ ഇൻഡോർ പ്ലാന്റ് നഴ്സറികൾ പലയിടങ്ങളിലും പുതുതായി ആരംഭിച്ചു കഴിഞ്ഞു. ഓഫീസുകളിലും ഇന്ന് ഇൻഡോർ പ്ലാന്റുകൾ ട്രെൻഡായി മാറിക്കഴിഞ്ഞു. ബോൺസായ് മരങ്ങളും വീടിന്റെ അകത്തളങ്ങളിൽ സ്ഥാനം പിടിക്കുന്നുണ്ട്. ആന്തൂറിയം, ഓർക്കിഡുകൾ ഇവയെല്ലാം ഇൻഡോർ പ്ലാന്റ് നഴ്സറികളിൽ എത്തുന്നു. മണി പ്ലാന്റ്, കലേഡിയം, കറ്റാർവാഴ, ബാംബൂ പാം, സ്പൈഡർ പ്ലാന്റ്, ഡ്രസീന, സ്നേക്ക് പ്ലാന്റ്, എയർ പ്ലാന്റ്, പീസ് ലില്ലി, ഗ്ലാസിനുള്ളിൽ വളർത്തുന്ന ചെടികളായ ഗ്ലാസ് ടെറേറിയങ്ങൾ എന്നിവയൊക്കെയാണ് ഇൻഡോർ പ്ലാന്റുകളിൽ ഏറ്റവും പ്രിയമുള്ളവ.

വീടിനുള്ളിലെ വായു ശുദ്ധമാക്കാനും പൂപ്പൽ, ബാക്ടീരിയ എന്നിവയെ ചെറുക്കാനും കഴിവുള്ള കറ്റാർ വാഴയും ഫോർമാൽഡിഹൈഡ്, ബെൻസീൻ, ട്രൈക്ലോറോ എത്ത്‌ലീൻ എന്നിവ വലിച്ചെടുക്കാൻ കഴിവുള്ള ബാംബൂ പാം, വിഷാംശം ആഗിരണം ചെയ്യാനും കൂടുതൽ ഓക്സിജൻ പുറത്തുവിടാനും കഴിവുള്ള ഡ്രസീന, വായു ശുദ്ധീകരണത്തിനുള്ള കഴിവ് തെളിയിച്ച സ്നേക്ക് പ്ലാന്റ് എന്നിവയൊക്കെ ഗൃഹാന്തരീക്ഷത്തിൽ പോസിറ്റീവായ മാറ്റങ്ങൾ ഉണ്ടാക്കും.

നേർത്ത മുളംതണ്ടിന്റെ ആകൃതിയിൽ തണ്ടുകളോടുകൂടിയ അലങ്കാര ഇഞ്ചിയിനമാണ് ബാംബു ജിൻജർ. വീടകങ്ങളിൽ ആകർഷകമായ പൂക്കൂട ഒരുക്കാൻ ബാംബൂ ജിൻജറിന്റെ പൂക്കളും തണ്ടും ഉപയോഗിക്കാം. 8–10 അടിവരെ ഉയരത്തിൽ വളരും.

## മലബാർ വിഷൻ മാട്രിമോണിയൽ



താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്സ്, വെളുത്ത നിറം, 181 cm ഉയരം. MA, B.ed (K-Tet, SET, NET) കോളജ് അധ്യാപകൻ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0496 2966002, 9495892285



താമരശ്ശേരി രൂപത RC യുവാവ് 31 വയസ്, 175 cm ഉയരം, Bsc. Hotel management, ദുബായിൽ ജോലി. (ഇപ്പോൾ നാട്ടിൽ ലീവിന് വന്നിട്ടുണ്ട്). അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 8281955298, 9744753700



താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്, 175 cm ഉയരം, B.tech (EEE), ബാംഗ്ലൂരിൽ ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9745164949



താമരശ്ശേരി രൂപത RC യുവാവ്, 35 വയസ്, 185 cm ഉയരം, Hotel Management. റെസ്റ്റോറന്റ് സൂപ്പർവൈസർ. പുനർ വിവാഹം. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 8589910241, 8943371616



താമരശ്ശേരി രൂപത RC യുവാവ്, 32 വയസ്, 168 cm ഉയരം. SSLC. ദുബായിൽ ടെക്നിക്കൽ അസിസ്റ്റന്റ്. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 6238328759, +971 56 1659557



പാലക്കാട് രൂപത RC യുവാവ്, 32 വയസ്, 167 cm ഉയരം. ITI, BBA. സൗദിഅറേബ്യയിൽ ലോജിസ്റ്റിക്സ് മാനേജർ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 99611 90324, 6238328759



താമരശ്ശേരി രൂപത RC യുവാവ്, 31 വയസ്, 180 cm ഉയരം. MCA, ടെക്നോപാർക്കിൽ ജോലി. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9846618403



താമരശ്ശേരി രൂപത RC യുവാവ്, 33 വയസ്, 168 cm ഉയരം. Plus Two. ഇലക്ട്രീഷ്യൻ. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 97454 44370



താമരശ്ശേരി രൂപത RC യുവതി, 27 വയസ്, 151 cm ഉയരം, BCA, ദുബായിൽ ജോലി. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 9567800060, 9747484749

### വിവാഹ പരസ്യങ്ങൾ ഇനി ഫോട്ടോയോടൊപ്പം...

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ പരസ്യങ്ങൾ വരൻ/വധുവിന്റെ ഫോട്ടോയൊടുകൂടി പ്രസിദ്ധീകരിക്കും. ഒരു ലക്കത്തിലേക്ക് വിവാഹ പരസ്യം നൽകുന്നതിന് 1000 രൂപയും 2 ലക്കങ്ങളിലേക്ക് 1500 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങളും ഫോട്ടോയും 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. കൂടുതൽ വിവരങ്ങൾക്ക്: 97 44 99 555 2









'നിർമ്മാണ മേഖലയിലെ വിശ്വാസ്യതയുടെ പര്യായം'

# വേളാങ്കണ്ണി മാതാ കൺസ്ട്രക്ഷൻസ് കൂടരഞ്ഞി

- നിർമ്മാണ മേഖലയിൽ 40 വർഷത്തെ പാരമ്പര്യം
- നിരവധി ദൈവാലയങ്ങൾ,സ്കൂളുകൾ, വീടുകൾ എന്നിവ പണിതുയർത്തിയ പ്രവർത്തന വൈഭവം.
- അതിവിദഗ്ധരായ നിർമ്മാണ തൊഴിലാളികളുടെ സേവനം.
- വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടും ഭംഗിയോടും കൂടി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നു.

പ്രൊപ്രൈറ്റർ:
ടി. ഫ്രാൻസിസ്
ഫോൺ:9447100058



VELANKANNI MATHA
CONSTRUCTIONS




Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, calicut-12. Editor: Fr. Benny Alex Karackatt